18

# മോശമായ സമയങ്ങളെ എങ്ങനെ അതിജീവിക്കും

## (1 ശമുവേൽ 18 - 23)

ഈർപ്പവും തണുപ്പുമുള്ളതായിരുന്നു ഗുഹ. മേൽക്കൂരയിൽ തങ്ങിനിന്ന നീരാവി ഉറച്ച്, തണുത്ത തറയിലേക്കു തുള്ളിതുള്ളിയായി വീണുകൊണ്ടിരുന്നു. തണുത്തുവിറച്ചിരുന്ന ദാവീദ് തന്റെ പുതപ്പു വലിച്ചു മുറുക്കി. വയറ്റിനുള്ളിൽ വിശപ്പിന്റെ വിളിയായിരുന്നു. എങ്ങനെയായാലും, ഏറ്റവും വലിയ തണുപ്പ്, ശരീരത്തിനായിരുന്നില്ല, മറിച്ച് ആത്മാവിനായിരുന്നു; അവന്റെ ഏറ്റവും വലിയ വിശപ്പ് ആഹാരത്തിനായുള്ള വിശപ്പുമായിരുന്നില്ല, എന്നാൽ മനസലിവിനും കരുതലിനും വേണ്ടിയുള്ളതായിരുന്നു. ദൈവത്തിൽ ആശ്രയിച്ചു ഏറ്റവും നല്ലതു ചെയ്തു എന്നതായിരുന്നു ദാവീദിന്റെ ഏക തെറ്റ്, പക്ഷെ ശൗലിന്റെ സ്നേഹം അതിർ കവിഞ്ഞ അസൂയയായി മാറി. ഇപ്പോൾ ദാവീദ് വേട്ടയാടപ്പെടുന്ന മൃഗമായി - തനിച്ചുമായിരുന്നു.

ആ ഇരുണ്ട, ഏകാന്തമായ ഗുഹയിൽ, ദാവീദ് പാടുവാൻ തുടങ്ങി. അവന്റെ ഉറക്കെയുള്ള, വ്യക്തമായ ശബ്ദം, കാറ്റുപോലെ മൃദുലവും വികാരം കലർന്നതുമായി, ഗുഹ നിറഞ്ഞിരുന്നു. അവൻ പാടിയത് തന്റെ ഏകാന്തതയെയും, തന്റെ അപേക്ഷകളെയും, തന്റെ വിശ്വാസത്തെയും കുറിച്ചായിരുന്നു. അദുല്ലാം ഗുഹയിൽനിന്നു പുറത്തു വന്ന ആ ഗാനം ഇന്നു നമുക്കായി സങ്കീർത്തനങ്ങൾ 142-ൽ കൊടുത്തിരിക്കുന്നു. ഗുഹയുടെ ശൂന്യതയും ദാവീദിന്റെ തേങ്ങുന്ന ഹൃദയവും വർഷങ്ങളായി നമ്മുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു:

> ഞാൻ യഹോവയോടു ഉറക്കെ നിലവിളിക്കുന്നു;
> ഞാൻ ഉച്ചത്തിൽ യഹോവയോടു യാചിക്കുന്നു.
> അവന്റെ സന്നിധിയിൽ ഞാൻ എന്റെ സങ്കടം പകരുന്നു;
> എന്റെ കഷ്ടത ഞാൻ അവനെ ബോധിപ്പിക്കുന്നു....
> ഞാൻ നടക്കുന്ന പാതയിൽ
> അവർ എനിക്കു ഒരു കണി ഒളിച്ചു വെച്ചിരിക്കുന്നു.
> വലത്തോട്ടു നോക്കി കാണേണമേ;
> എന്നെ കാണുന്നവർ ആരുമില്ലല്ലോ;
> ശരണം എനിക്കു പൊയ്പോയിരിക്കുന്നു;
> എന്റെ പ്രാണന്നു വേണ്ടി ആരും കരുതുന്നില്ല (വാ. 1-4).

നമ്മിൽ പലരും ദാവീദിനെ പോലെയാണെന്നു തോന്നും. നിങ്ങളുടെ

ജീവിതത്തിലും മോശമായ സമയം വരികയും - ആരും നിങ്ങളെ കരുതുന്നില്ല എന്നു തോന്നുകയും ചെയ്തേക്കാം. അതു ഭയപ്പെടുത്തുന്നതാണ്, അല്ലേ?

"മോശമായ സമയങ്ങളെ നാം എങ്ങനെ *അതിജീവിക്കും?*" എന്നതാണ് നാം ചോദിക്കുന്ന ചോദ്യം. ഈ പാഠത്തിൽ, നാം തുടർന്നു പഠിക്കുന്നതു ശൗലിൽനിന്നു അഭയാർത്ഥിയായി ഒളിച്ചോടുന്ന ദാവീദിന്റെ മോശമായ സമയത്തെക്കുറിച്ചാണ്. ദാവീദ് എങ്ങനെ അതിജീവിച്ചു എന്നു കണ്ടാൽ, ഒരു പക്ഷെ നമുക്കും എങ്ങനെ അതിജീവിക്കുവാൻ കഴിയുമെന്നു കാണാൻ സാധിക്കും. മോശമായ സമയങ്ങളെ അതിജീവിക്കുവാൻ "ചെയ്യേണ്ടതും" "ചെയ്യരുതാത്തതും" ആയ പത്തു കാര്യങ്ങൾ നമുക്കു നോക്കാം.

## I. മോശമായ സമയങ്ങൾ വരുമ്പോൾ അതിശയിക്കരുത് (18:1-20:42)

''മോശമായ സമയങ്ങൾ വരുമ്പോൾ അതിശയിക്കരുത്'' എന്നതാണ് ഒന്നാമത്തെ ''ചെയ്യരുതാത്തത്.'' അതിനെ ഞാൻ ഒന്നു വിശദ മാക്കട്ടെ: ''മോശമായ സമയങ്ങൾ വരുമ്പോൾ അതിശയിക്കരുത് - *നിങ്ങൾ ഏറ്റവും നന്നായി പ്രവർത്തിക്കുമ്പോൾ പോലും"* അതുണ്ടാവാം എന്നാണ്. ഒരിക്കൽകൂടെ ഞാൻ അതിനെ വിശദമാക്കട്ടെ: ''നിങ്ങൾ ഏറ്റവും നന്നായി പ്രവർത്തിക്കുമ്പോഴും, നിങ്ങൾക്കു മോശമായ സമയം വരുമ്പോൾ അതിശയിക്കരുത് - *ദൈവം നിങ്ങളുടെ വഴിയുടെ ഓരോ പടികളിലും കൂടെയുണ്ട്.''*

ആ പ്രസ്താവന അസാധാരണമെന്ന വിധത്തിൽ ചിലരെ ഞെട്ടിച്ചേക്കാം. നാം വിചാരിച്ചേക്കാം, ''തീർച്ചയായും ഒരാൾ ദൈവത്തെ പ്രസാദിപ്പിച്ചു നല്ല പ്രവൃത്തികൾ ചെയ്യുകയാണെങ്കിൽ, അവന് മോശമായതൊന്നും സംഭവിക്കുവാൻ പോകുന്നില്ല!'' ഞാൻ പറഞ്ഞ പ്രസ്താവന ശരിയാണെന്നു കരുതുന്നു. ദാവീദിന്റെ ജീവിതം അതു സത്യമാണെന്നു തെളിയിക്കുന്നു.

കഴിഞ്ഞ പാഠത്തിൽ, ചില വേദഭാഗങ്ങളിലെ സംഭവങ്ങളിൽ നിന്നു ദാവീദിനോടു യോനാഥാനുണ്ടായിരുന്ന സൗഹൃദത്തെ നാം കാണുകയുണ്ടായി. വീണ്ടു നമുക്ക് ആ സംഭവങ്ങളിലേക്കു ചെന്നു ദാവീദിന്റെ വഴികളിലെ ഓരോ പടിയിലും ദൈവം അവനോടുകൂടെ ഉണ്ടായിരുന്നിട്ടും എങ്ങനെ അവനു മോശമായ സമയം വന്നു എന്നു നോക്കാം.

ഗൊല്യാത്തിനെ കൊന്ന ശേഷം, ദാവീദിനെ ശൗൽ തന്റെ രാജധാനിയിലേക്കു ക്ഷണിച്ചതു നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. ശൗൽ അവന്റെ ഏറ്റവും വലിയ ആരാധകനും പരിശീലകനുമായി. രാജാവിന്റെ വിഷാദ നിമിഷങ്ങളിൽ പോലും അവൻ കിന്നരം വായിച്ചിരുന്നു. അവൻ ശൗലിന്റെ അംഗരക്ഷകനും ആയുധവാഹകനുമായിരുന്നു. ശൗൽ വിചാരിച്ചിരിക്കാം, ''ദാവീദിനു ഒരു മല്ലനെ കൊല്ലാൻ കഴിയുമെങ്കിൽ, അവനു ആരെയും കൈകാര്യം ചെയ്യുവാൻ കഴിയും!'' ദാവീദിനെ ശൗലിന്റെ ഒരു സൈന്യാധിപനാക്കി. അവൻ നന്നായി അറിയപ്പെട്ട് പ്രസിദ്ധനായി തീർന്നു.

പിന്നെ, എങ്ങനെയായാലും, സ്ത്രീകൾ പാടിയ പാട്ട് ആണ് ശൗലിൽ കോപം ജനിപ്പിച്ചത്: "ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിരത്തെ" (18:7). ആ പാട്ടിൽ ശൗലിനോടു ബഹുമാനക്കുറവൊന്നുമില്ലായിരു

ന്നു. ''വലിയ സംഖ്യയെ'' കുറിക്കുന്ന കാവ്യപ്രയോഗമായിരുന്നു ''ആയിരങ്ങൾ'' എന്നതും ''പതിനായിരങ്ങൾ'' എന്നതും. യെഹൂദ കവിതയിലെ സമാനത നോക്കിയാൽ, രണ്ടിനും ഒരേ അർത്ഥമാണ്.[1] വാസ്തവത്തിൽ, ശൗലിന്റെ പേർ ആദ്യം സൂചിപ്പിച്ചതുകൊണ്ട് കൂടുതൽ ബഹുമാനമാണ് അവനു കൊടുത്തത്. ശൗൽ കൂടുതൽ ഉത്തരവാദിത്വവും പക്വതയുമുള്ള ആളായിരുന്നെങ്കിൽ, അവൻ അതു തിരിച്ചറിയുമായിരുന്നു. എങ്ങനെയായാലും, ശൗൽ, ഉത്തരവാദിത്വമോ പക്വതയോ ഉള്ള ആളല്ലായ്കയാൽ, നാം ഇങ്ങനെ വായിക്കുന്നു:

> അപ്പോൾ ശൗൽ ഏറ്റവും കോപിച്ചു, ഈ വാക്ക് അവനു അനിഷ്ടമായി; അവൻ പറഞ്ഞു, "അവർ ദാവീദിനു പതിനായിരം കൊടുത്തു, എനിക്കു ആയിരം മാത്രമേ തന്നുള്ളൂ. ഇനി രാജത്വം അല്ലാതെ അവന്നു കിട്ടുവാൻ എന്തുള്ളൂ?" അന്നുമുതൽ ശൗലിനു ദാവീദിനോടു കണ്ണുകടി തുടങ്ങി (18:8, 9).

അകാരണമായ ഭയം നിറഞ്ഞു, രാജാവു ഭ്രാന്തനായി (അദ്ധ്യായം 18-ൽ മൂന്നു പ്രാവശ്യം, ശൗൽ ദാവീദിനെ[2] ഭയപ്പെട്ടതായി പറയുന്നു). ദാവീദ് അവനുവേണ്ടി കിന്നരം വായിച്ചപ്പോൾ രണ്ടു പ്രാവശ്യം ശൗൽ ദാവീദിനെ കുന്തം കൊണ്ടു ചുമരിനോടു ചേർത്തു കുത്തുവാൻ നോക്കി. അവനെ ആദരിക്കുന്നു എന്ന വ്യാജേന, സൈന്യത്തിലെ അവന്റെ പദവി ശൗൽ ഉയർത്തി, എന്നാൽ വാസ്തവത്തിൽ അവൻ യുദ്ധത്തിൽ കൊല്ലപ്പെടും എന്നു കരുതിയാണ് അങ്ങനെ ചെയ്തത്.[3]

ഗൊല്യാത്തിനെ കൊല്ലുന്നവനു ശൗൽ തന്റെ മകളെ വിവാഹം കഴിച്ചു കൊടുക്കാമെന്ന വാഗ്ദാനത്തെ ഒഴിവാക്കുവാൻ വേണ്ടി അവൻ പല ഗൂഢാലോചനകളും നടത്തി.[4] അവൻ ആദ്യം തന്റെ മൂത്ത മകൾ, മേരബിനെ, ദാവീദിനു കൊടുക്കാമെന്നു പറഞ്ഞു. അതിനു താൻ യോഗ്യനല്ല എന്ന ഉചിതമായ മറുപടി ദാവീദ് നൽകിയപ്പോൾ, ശൗൽ അവളെ മറ്റൊരാൾക്കു കൊടുത്തു.[5] അവന്റെ ഇളയ മകൾ, മീഖൾ, ദാവീദിനെ സ്നേഹിക്കുന്നു എന്നറിഞ്ഞപ്പോൾ, ശൗൽ വിചാരിച്ചു, "അവൾ അവന്നു ഒരു കണിയായിരിക്കേണ്ടതിന്നു ഞാൻ അവളെ അവന്നു കൊടുക്കും" (1 ശമുവേൽ 18:21). "കണി" എന്നതു ഒരു എബ്രായ വാക്കിനെ തർജ്ജിമ ചെയ്തിരിക്കുന്നതും അതിന്റെ അർത്ഥം ഇരയെ പിടിക്കുന്ന കുടുക്ക് എന്നുമാണ്. മീഖൾ ശൗലിന്റെ എലിപ്പെട്ടിയിലെ തീറ്റയായിരിക്കും!

ശൗൽ മീഖളിനെ വാഗ്ദാനം ചെയ്തപ്പോൾ, ദാവീദു പറഞ്ഞു, "ഞാൻ ദരിദ്രനും എളിയവനും ആകുന്നു" (18:23). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവന് സ്ത്രീ-ധനം നല്കുവാനുള്ള കഴിവില്ല.[6] ദാവീദ് ഗൊല്യാത്തിനെ കൊന്നതുകൊണ്ടു, തീർച്ചയായും ശൗൽ അവനെ ധനികനാക്കുകയും സ്ത്രീധനത്തെ കുറിച്ചു ചിന്തിക്കാതെ തന്റെ മക്കളിൽ ഒരാളെ അവനു കൊടുക്കയും ചെയ്യേണ്ടിയിരുന്നതാണ് (1 ശമുവേൽ 17:25) - എന്നാൽ ശൗൽ തന്റെ വാക്കു പാലിച്ചില്ല. ഇപ്പോൾ ശൗൽ പറഞ്ഞു, "യാതൊരു സ്ത്രീധനവും ഞാൻ ആഗ്രഹിക്കുന്നില്ല. നൂറു ഫെലിസ്ത്യരെ കൊന്നു എന്നതിനുള്ള തെളിവാണ് എനിക്കുവേണ്ടത്."[7] ആ ശ്രമത്തിൽ ദാവീദ് കൊല്ലപ്പെടുമെന്നാണ് ശൗൽ വിചാരിച്ചത്. ആ വാഗ്ദാനം ദാവീദിന്റെ സാഹസമനോ

ഭാവത്തോടുള്ള അപേക്ഷയായി രുന്നു. ദാവീദും തന്റെ ആളുകളും പോയി തെളിവു കൊണ്ടുവന്നു, നൂറല്ല, ഇരുനൂറുപേരുടെ അഗ്രചർമ്മവുമായി അവൻ ശൗലിന്റെ അടുക്കൽ വന്നു. പിന്നെ ശൗലിനു മീഖളിനെ ദാവീദിനു നൽകു കയല്ലാതെ മറ്റു വഴിയില്ലായിരുന്നു.

ശൗലിന്റെ ഇഛാഭംഗം നേരെ ഉയർന്നു. ആദ്യം യോനാഥാൻ ദാവീദി നോടു ചേർന്നു; ഇപ്പോൾ മീഖളും ദാവീദിനോടു ചേർന്നു! ശൗലിന്റെ ചിത്ത ഭ്രമമുള്ള കണ്ണുകളിൽ, തന്റെ സ്വന്തം മക്കളെ തനിക്കെതിരെ ദാവീദു തിരി പ്പിച്ചതായി തോന്നി. അതു ശൗലിനു താങ്ങുവാൻ കഴിയുന്നതിനപ്പുറമായി രുന്നു. "അങ്ങനെ ശൗൽ ദാവീദിന്റെ നിത്യശത്രുവായിതീർന്നു" (18:29). "അവന്റെ ശേഷിച്ച കാലമൊക്കെയും അവൻ ശത്രുവായിത്തന്നെ ഇരുന്നു" എന്നാണ് എൻഐവി യിൽ ഉള്ളത്. നിങ്ങൾ മരിക്കണമെന്നു ആഗ്രഹിക്കുന്ന ഒരു അമ്മാവിയപ്പനെ നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്നുണ്ടോ? (എന്തുകൊണ്ടാണ് നിങ്ങളിൽ ചിലർ തലയാട്ടുന്നത്?)

ദാവീദിനെ കൊല്ലുവാൻ യോനാഥാനോടും അവന്റെ ഉദ്യോഗ സ്ഥന്മാരോടും ശൗൽ കല്പിച്ചതു നാം കഴിഞ്ഞ പാഠത്തിൽ കാണുകയു ണ്ടായി, എന്നാൽ യോനാഥാൻ തന്റെ സ്നേഹിതനു വേണ്ടി പക്ഷപാതം ചെയ്തതുകൊണ്ടു ദാവീദിനെ ഇല്ലായ്മ ചെയ്യുന്നതിൽ നിന്നു ശൗൽ താല്ക്കാ ലികമായി പിൻമാറി. ദാവീദിനെ കൊല്ലുകയില്ല എന്ന ശൗലിന്റെ വാഗ്ദാനം, അവൻ അധികം താമസിക്കാതെ മറന്നുകളഞ്ഞു, അവനെ കുന്തം കൊണ്ടു വീണ്ടും എറിഞ്ഞു. ഒന്നു ശമുവേൽ 19:10 പറയുന്നു, "ദാവീദ് ആ രാത്രി യിൽ തന്നെ ഓടി രക്ഷപ്പെട്ടു." "ഓടുന്നു" എന്നും "രക്ഷപ്പെടുന്നു" എന്നു മുള്ള വാക്കുകൾ ദാവീദിന്റെ പിന്നീടുള്ള പത്തു വർഷക്കാലത്തെ ജീവി തം ചുരുക്കി പറയുന്നു; ആ വാക്കുകൾ നമ്മുടെ വേദഭാഗത്തിൽ വീണ്ടും വീണ്ടും കാണാം.[8] ദാവീദ് തന്റെ കഴിവിനനുസരിച്ചു ഏറ്റവും നന്നായി പ്രവർത്തിച്ചുകൊണ്ടാണിരുന്നത്; അവൻ ദൈവത്താൽ അനുഗ്രഹിക്കപ്പെ ട്ടിരുന്നു; എങ്കിലും അവനു മോശമായ സമയം വന്നുകൊണ്ടിരുന്നു.

ദാവീദ് ആദ്യം അവന്റെ വീട്ടിലേക്കോടി സംഭവിച്ചതു അവന്റെ ഭാര്യ മീഖളിനോടു പറഞ്ഞു.[9] തന്റെ അപ്പനെ അവൾക്ക് ദാവീദിനേക്കാൾ കൂടു തൽ അറിയാവുന്നതുകൊണ്ടു, സമയം ഒട്ടും പാഴാക്കരുതെന്നു അവൾ തന്റെ ഭർത്താവിനോടു പറഞ്ഞു. വീടിനു മുൻപിൽ നിരീക്ഷകർ[10] ഉണ്ടാകുമെന്നു കരുതി, മീഖൾ അവനെ ഒരു ജനൽ[11] വഴി ഇറക്കി വിട്ടു. ദാവീദിന് പിന്നെ ഒരിക്കലും വീട്ടിലേക്കു മടങ്ങി വരുവാനോ മീഖളിന്റെ സ്നേഹം ആസ്വദി ക്കുവാനോ കഴിഞ്ഞില്ല. അവരുടെ മോശമായ സമയം കൂടുതൽ മോശമാ യിതീർന്നു.

ദാവീദിനു വേണ്ടത്ര സമയം കിട്ടേണ്ടതിന്നു, മീഖൾ ഒരു വലിയ പ്രതിമ[12] എടുത്തു കിടക്കയിൽ കിടത്തി, അതിന്റെ തല ആട്ടിൻ രോമം കൊണ്ടു മൂടുകയും, പുതപ്പുകൊണ്ടു പുതപ്പിക്കുകയും ചെയ്തു. ശൗലിന്റെ സന്ദേ ശവാഹകരോടു ദാവീദിനു സുഖമില്ലാതിരിക്കുന്നു എന്നവൾ പറഞ്ഞു. അവ ളുടെ വഞ്ചന പിടിക്കപ്പെടുന്നതിനുമുൻപു ദാവീദ്, രാമയിലെ വൃദ്ധനായ പ്രവാചകൻ, ശമുവേലിന്റെ അടുത്തെത്തി. ശമുവേൽ ദാവീദിനെ ചേർത്തു, പ്രവാചകന്മാർ താമസിക്കുന്ന സ്ഥലമായ നയ്യോത്തിലേക്കു,[13] കൊണ്ടുപോ യി അവിടെ അവനു അഭയസ്ഥാനമൊരുക്കി. ദാവീദ് അവിടെയുണ്ടെന്നു ശൗലിനു അറിവു കിട്ടിയപ്പോൾ, അവനെ കൊല്ലുവാനായി ഒരുകൂട്ടം കൂലി

ക്കാരെ അവൻ അങ്ങോട്ടയച്ചു, എന്നാൽ ദൈവം ദാവീദിനെ രക്ഷിച്ചു. ശൗലിന്റെ ആളുകൾ പ്രവാചകന്മാരുടെ മേൽ ചാടിവീണപ്പോൾ, ദൈവം തന്റെ ആത്മാവിനെ അവരിലേക്ക് അയക്കുകയും അവർ പ്രവചിക്കുവാൻ തുടങ്ങുകയും ചെയ്തു. ശൗൽ വീണ്ടും രണ്ടു സംഘത്തെ കൂടെ അയച്ചു - ഫലം അതു തന്നെയായിരുന്നു.

അല്പം രസം നമുക്ക് ഈ രംഗത്തു കാണുവാൻ കഴിയും. തോൽ ക്കോട്ടിനുള്ളിൽ കുറെ സാമഗ്രികളുമായി, ഒരാൾ പിത്തള കയ്യുറയും സൈക്കിൾ ചെയിനുമായി, ഉപദേഷ്ടാവിനെ കൊല്ലുവാൻ പദ്ധതി ഒരുക്കി, സഭായോഗ സ്ഥലത്തത്തേക്കു, ഓടിക്കയറിവരുന്നതുമായി ഇതിനെ താര തമ്യം ചെയ്യാം. പിന്നെ-ഹൊ-തമാശയുള്ള ഒരു നോട്ടം അവരുടെ മുഖത്ത് നിഴലിക്കുകയും അവർ പാട്ടുപുസ്തകം എടുത്തു "അത്ഭുത കൃപ" എന്ന പാട്ടു ഉറക്കെ പാടുകയും ചെയ്യുന്നു.

വാസ്തവത്തിൽ എന്താണ് സംഭവിച്ചതെന്നു ശൗലിന്നു മനസിലാകാ ത്തതുകൊണ്ട്, പരിശോധിക്കുവാൻ അവൻ നേരിട്ടു വന്നു. എങ്ങനെയാ യാലും, അവൻ പ്രവാചകന്മാരുടെ അടുത്തെത്തിയപ്പോൾ, ദൈവം തന്റെ ആത്മാവിനെ അയച്ചു അവനെ നിസ്സഹായനാക്കി. ആ അദ്ധ്യായം അവസാ നിക്കുന്നത് ശൗൽ രാത്രിയും പകലും നഗ്നനായി കിടന്നു, പ്രവചിക്കുന്ന പരിഹാസ്യ രംഗത്തോടെയാണ് (19:24)![14] രാമയും സുരക്ഷിതമായിരുന്നില്ല എന്നു മനസ്സിലായതുകൊണ്ടു, ദാവീദിനു അവിടെ നിന്നും ഓടേണ്ടി വന്നു. പിന്നെ ഒരിക്കലും, അവനു ശമുവേലിനെ കാണുവാൻ കഴിഞ്ഞില്ല. മോശ മായ സമയം വീണ്ടും കൂടുതൽ മോശമായി.

ശൗൽ യോനാഥാനെ കൊല്ലുവാൻ തുനിഞ്ഞപ്പോൾ, സംശയം ബാക്കി യില്ലായിരുന്നു. ദാവീദ് ജീവിച്ചിരിക്കുന്നേടത്തോളം കാലം ശൗലിനു വിശ്ര മിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആ രണ്ടു സ്നേഹിതന്മാരും കണ്ണുനീരോടെ യാണ് പിരിഞ്ഞത്. മോശമായ സമയം പിന്നെയും മോശമായി തീർന്നു.

വീണ്ടും, ഞാൻ ഊന്നി പറയുന്നത് (1) ദാവീദ് തന്റെ കഴിവനുസരിച്ചു ഏറ്റവും നന്നായി തന്നെ പ്രവർത്തിച്ചിരുന്നു - ശാരീരികമായും ആത്മികമാ യും - പിന്നെ (2) യഹോവ അവൻ ചെയ്തതിലെല്ലാം അവനോടുകൂടെ ഉണ്ടായിരുന്നു. എന്നിട്ടും അവനു മോശമായ സമയമുണ്ടായി. ദൈവത്തിനു ബോധിച്ച ഹൃദയമുണ്ടായിരുന്ന മനുഷ്യനു അതുണ്ടായെങ്കിൽ, നിങ്ങൾക്കും അതുണ്ടാകാം. ഒരുപക്ഷെ നിങ്ങൾ മൂപ്പനോ, ശുശ്രൂഷകനോ, ഉപദേഷ്ടാ വോ, ഒരു ബൈബിൾ ക്ലാസ് അദ്ധ്യാപകനോ ആയേക്കാം - നിങ്ങളുടെ മക്കൾ ലഹരി ഉപയോഗിക്കയും നിങ്ങൾക്ക് അസ്വസ്ഥത ജനിപ്പിക്കയും ചെയ്തേക്കാം. നിങ്ങൾ സ്നേഹമുള്ള ക്രിസ്തീയ ഭർത്താവോ ഭാര്യയോ ആയിരുന്നേക്കാം, കുടുംബജീവിതം സന്തോഷകരമാകുവാൻ നിങ്ങളാലാ വോളം എല്ലാം ചെയ്യുന്നുണ്ടാകാം, നിങ്ങളുടെ പങ്കാളി എന്നിട്ടും നിങ്ങളെ വിട്ടു പോയേക്കാം. നിങ്ങൾ സത്യസന്ധനായ ഒരു ക്രിസ്തീയ വ്യവസായി ആയിരുന്നേക്കാം, നിങ്ങളുടെ വ്യവസായം ലാഭകരമാക്കുവാൻ നിങ്ങളാലാ വോളം നിങ്ങൾ പരിശ്രമിച്ചിട്ടും, നഷ്ടം സംഭവിച്ചേക്കാം. നിങ്ങൾ നിങ്ങ ളുടെ കഴിവനുസരിച്ചു ദൈവത്തെ സേവിച്ചുകൊണ്ടിരിക്കുന്ന, വിശ്വസ്ത നായ ഒരു ക്രിസ്ത്യാനി ആയിരുന്നേക്കാം, എന്നാൽ ചിലപ്പോൾ ഡോക്ടർ പറഞ്ഞേക്കാം, "നിങ്ങൾക്കു ഇനി മൂന്നു മാസം കൂടെ ജീവിച്ചിരിക്കുവാനേ കഴിയൂ."

എന്നെ തെറ്റിദ്ധരിക്കരുത്. വിശ്വസ്തനായ ക്രിസ്ത്യാനി ആയിരിക്കുന്നതുകൊണ്ട് നല്ല ഒരു വൈവാഹികജീവിതവും, സന്തോഷകരമായ കുടുംബവും, സാമ്പത്തികഭദ്രതയും ആരോഗ്യവും ലഭിക്കുവാനുള്ള അവസരം നമുക്കു ലഭിക്കുന്നു. എങ്ങനെയായാലും, ദൈവമക്കൾ പോലും, മോശമായ സമയമുണ്ടാകുന്നതിൽ നിന്നു മുക്തരല്ല എന്നു നാം മനസിലാക്കണം. മോശമായ സമയം വരുമ്പോൾ അതിശയിക്കരുത്.

## II. ആദ്യം നിങ്ങൾ ഭോഷത്വമായി പെരുമാറിയാൽ അതിശയിക്കരുത് (21:1-22:1)

ഈ ചോദ്യത്തെ കുറിച്ചു അല്പമൊന്നു ചിന്തിക്കുക: ദാവീദ് എന്തുകൊണ്ടാണ് ഓടിയത്? അവൻ സിംഹത്തിന്റേയും കരടിയുടേയും മുൻപിൽ നിന്നതാണ്. അവൻ ഗൊല്യാത്തിനെ നേരിട്ടതാണ്. ഫെലിസ്ത്യർക്കെതിരെ പല യുദ്ധങ്ങളും അവൻ ജയിച്ചതായിരുന്നു; വാസ്തവത്തിൽ അവൻ ഒരു സേനാനായകൻ ആയിരുന്നു. അവൻ പിന്നെ ശൗലിനെ നേരിടാതെ പ്രാണരക്ഷാർത്ഥം ഓടിയതെന്തുകൊണ്ട്? അതിനു കാരണം ദാവീദിന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ്, തനിക്കു കൈകാര്യം ചെയ്യുവാൻ അറിയാത്ത സാഹചര്യം ഉണ്ടാകുന്നത് എന്നു ഞാൻ പറയട്ടെ. ഇതുവരെയും, എതിർപ്പുകളെ അവൻ കൈകാര്യം ചെയ്തിരുന്ന രീതി എതിരാളികളെ കൊന്നുകൊണ്ടായിരുന്നു. അവൻ സിംഹത്തെയും കരടിയേയും കൊന്നു. അവൻ ഗൊല്യാത്തിനെ കൊന്നു. അവൻ ഫെലിസ്ത്യരെയും കൊന്നു. ശൗൽ, എങ്ങനെയായാലും, ദൈവത്താൽ അഭിഷിക്തനായ രാജാവായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ[15] കൊല്ലുവാൻ ദാവീദിനു കഴിയുമായിരുന്നില്ല. എന്തു ചെയ്യണമെന്നു ദാവീദിനു അറിയില്ല, അതുകൊണ്ടു അവൻ ഓടി.

ഒരു അഭയാർത്ഥിയായി ദാവീദ് തന്റെ ജീവിതം ആരംഭിക്കുമ്പോൾ, ഒരു പദ്ധതിയോ ഉദ്ദേശമോ ഇല്ലാതെ, ചില വിഡ്ഢിത്തങ്ങൾ ചെയ്തുകൊണ്ട്, നിരാശനായി അവൻ ഓടി എന്നത് പ്രാധാന്യമുള്ളതാണ്.

ഏതാണ്ട് രണ്ടു മൈൽ തെക്കുള്ള നോബിലേക്കാണ് അവൻ ആദ്യം പോയത്. ശീലോവ്[16] നശിപ്പിച്ചശേഷം സമാഗമനകൂടാരം അവിടെയായിരുന്നു വീണ്ടും സ്ഥാപിച്ചത്; അതു പുരോഹിതന്മാരുടേയും അവരുടെ കുടുംബങ്ങളുടേയും ടൗണായി മാറിയിരുന്നു. ദാവീദിന് ആഹാരമോ ആയുധമോ ഇല്ലാതിരുന്നതുകൊണ്ട്, "പുരോഹിതന്മാർ എപ്പോഴും കൈതുറക്കും" എന്നു അവൻ വിചാരിച്ചേക്കാം. എങ്ങനെയായാലും, അവൻ അവിടെ എത്തിയപ്പോൾ, ശൗലുമായി ഉറ്റ ബന്ധത്തിലായിരുന്ന മഹാപുരോഹിതനായിരുന്ന, അഹീമെലേക്കിന്റെ അടുത്തേക്കായിരുന്നു, അവൻ ആദ്യം പോയത്.[17] അഹീമെലേക്ക് ദാവീദിനെ കണ്ടപ്പോൾ അസ്വസ്ഥമായി. മുൻപു പലപ്പോഴും ദാവീദ് സമാഗമനകൂടാരത്തിൽ വന്നിട്ടുണ്ട്, എന്നാൽ രാജകീയസന്നാഹത്തോടുകൂടിയോ പടയാളികളോടുകൂടെയോ ആയിരിക്കും അവൻ എപ്പോഴും വന്നിട്ടുള്ളത്. പക്ഷെ ഇപ്പോൾ അവൻ ഒറ്റക്കാണ് വന്നിരിക്കുന്നത്. സ്വയ രക്ഷക്കും സഹായം ലഭിക്കുവാനും, പരമ-രഹസ്യമായ ഒരു ദൗത്യത്തിന് ശൗൽ തന്നെ അയച്ചിരിക്കയാണെന്നുള്ള ഭീമാകാരമായ ഒരു വ്യാജം അവൻ കണ്ടുപിടിച്ചു. പുരോഹിതൻ വിശുദ്ധീകരിച്ച അഞ്ചു കഷണം അപ്പം[18] ദാവീദിനു കൊടുത്തു, അവർക്കു ലഭ്യമായിരുന്നതു ആ അപ്പം മാത്രമായിരുന്നു. പിന്നീടു, അവൻ ദാവീദിന്നു സമാഗമനകൂടാരത്തിൽ കാഴ്ച്ചക്കു

വെച്ചിരുന്ന ഗൊല്യാത്തിന്റെ വാളും എടുത്തു കൊടുത്തു. താൻ ആഗ്രഹിച്ചതു കിട്ടുവാൻ അവൻ പദ്ധതിയിട്ടു കള്ളം പറഞ്ഞപ്പോൾ,[19] ദൈവത്തിനു ബോധിച്ച ഹൃദയമുള്ളവനെ പോലെയല്ല ശൗലിനെപോലെയാണ് ദാവീദ് പ്രവർത്തിച്ചത്!

ദാവീദ് അഹീമെലേക്കിനോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ പെട്ടെന്നു അസ്വസ്ഥതയോടെ ദോവേഗ് അവിടെയുള്ളതായി കണ്ടു.[20] ദോവേഗ് ശൗലിന്റെ മുഖ്യ ഇടയനായിരുന്നു. (ആ വസ്തുത തല്ക്കാലത്തേക്കു മാറ്റി വെക്കാം.)

കഴിവതും വേഗത്തിൽ, ദാവീദ് വീണ്ടും യാത്ര തിരിച്ചു. ഈ സമയം അവൻ മുപ്പതു മൈൽ തെക്കു പടിഞ്ഞാറുള്ള, ഗാത്ത് പട്ടണമായ ഫിലിസ്ത്യയിലേക്കാണ് പോയത്. ഫെലിസ്ത്യരേക്കാൾ കൂടുതൽ ഭയപ്പെടേണ്ടതു ശൗലിനെ ആണെന്ന് ദാവീദ് തിരിച്ചറിഞ്ഞിരുന്നു. (നിർഭാഗ്യവശാൽ, പലപ്പോഴും നമ്മുടെ "ശത്രുക്കളെ" ക്കാൾ കൂടുതൽ നാം "സഹോദരന്മാരെ" ആണ് ഭയപ്പെടേണ്ടതു എന്നത് വാസ്തവമാണ്!) അവൻ അഭയസ്ഥാനം അന്വേഷിച്ചു ഗാത്തിലേക്ക് ഓടി, അതു ശരിക്കൊരു ബുദ്ധിശൂന്യമായ പ്രവൃത്തിയായിരുന്നു! ഗൊല്യാത്ത് ഏതു നാട്ടുകാരനായിരുന്നു എന്നറിയാമോ? ഗാത്തുകാരൻ![21] ഇതാ വരുന്നു ദാവീദ് - അവൻ ഗൊല്യാത്തിനെ കൊല്ലുകയും, ഇരുനൂറു ഫെലിസ്ത്യരെ കൊന്നു അവരുടെ അഗ്രചർമ്മം കൊടുത്തു മീഖളിനെ ഭാര്യയാക്കുകയും, യുദ്ധങ്ങളിൽ അസംഖ്യം പേരെ കൊന്നവനും ആയതുകൊണ്ട് ആളുകൾ അവനെക്കുറിച്ചു, "ദാവീദ് പതിനായിരത്തെ കൊന്നു" എന്നു പാടി - അവൻ ഫിലിസ്ത്യയുടെ പ്രധാന ഭാഗത്തേക്കു കടന്നു വരുകയും, ഗൊല്യാത്തിന്റെ സ്വദേശത്തേക്കു ധൈര്യമായി പോയി (അവന്റെ അരയിൽ ഗൊല്യാത്തിന്റെ വാളുമായി), രാജാവിന്റെ അടുക്കലേക്ക് അവനെ എത്തിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു![22]

ദാവീദ് ഒരുപക്ഷെ വേഷപ്രച്ഛന്നനായിരിക്കാമെന്നു വിചാരിച്ചേക്കാം, എന്നാൽ അവന്റെ ചുവന്ന മുടി മൂടിവയ്ക്കാൻ കഴിയുകയില്ല! ആഖീശിന്റെ ദാസന്മാർക്കു പോലും യിസ്രായേലിന്റെ പ്രദക്ഷിണ ഗാനം അറിയാം: "ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിരത്തെ"[23]- അതായതു, പതിനായിരം ഫെലിസ്ത്യരെ. ഫെലിസ്ത്യയിൽ "ഏറ്റവും അത്യാവശ്യമായി പിടിക്കപ്പെടേണ്ടവരുടെ ലിസ്റ്റിൽ" ആദ്യം വരുന്ന പേര് ദാവീദിന്റേതായിരിക്കും.

അവർ ദാവീദിനെ പിടിക്കുകയും,[24] അവൻ സംഭ്രമിക്കുകയും ചെയ്തു. "അവരുടെ മുമ്പാകെ തന്റെ പ്രകൃതി മാറ്റി, അവരുടെ കൈകളിൽ ഇരിക്കെ ബുദ്ധിഭ്രമം നടിച്ചു, വാതിലിന്റെ കതകുകളിൽ വരെച്ചു, താടിമേൽ തുപ്പൽ ഒലിപ്പിച്ചുകൊണ്ടിരുന്നു" (21:13). ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യിസ്രായേലിന്റെ അടുത്ത രാജാവു, ഇപ്പോൾ ഭ്രാന്തനായി അഭിനയിക്കുകയായിരുന്നു!

ആഖീശിനു അറപ്പു തോന്നി. "എന്റെ മുമ്പാകെ ഭ്രാന്തുകളിപ്പാൻ ഇവനെ കൊണ്ടുവരേണ്ടതിന്നു, എനിക്ക് ഇവിടെ ഭ്രാന്തന്മാർ കുറവുണ്ടോ?" (21:15). അവർ ദാവീദിനെ പോകുവാൻ അനുവദിച്ചു. (പണ്ടത്തെ പല ആളുകളും ധരിച്ചിരുന്നതു ഭ്രാന്തന്മാർ ദേവന്മാർ ബാധിച്ചവരായതുകൊണ്ട് അവരെ ഉപദ്രവിക്കരുത് എന്നാണ്.[25])

ആ സംഭവത്തെ കുറിച്ചു ഞാൻ വായിച്ചപ്പോൾ എനിക്കു സമ്മിശ്രവികാരമാണുണ്ടായത്. ദാവീദിന്റെ പെട്ടെന്നെടുത്ത ആ തീരുമാനത്തെ ഞാൻ

സ്തുതിക്കുന്നു – അവനെ വിടുവിച്ചതിനു ദാവീദ് ദൈവത്തിനു ബഹുമതി നൽകുകയും ചെയ്തു[26] – എന്നാൽ ദാവീദിന്റെ ചിന്തകൾ ആദ്യം വക്ര മായി പോയില്ലായിരുന്നെങ്കിൽ, അവനു ഒരിക്കലും ഭ്രാന്തനായി അഭിനയിച്ചു രക്ഷപ്പെടേണ്ട സാഹചര്യം വരുമായിരുന്നില്ല. ദൈവത്തിന്റെ അഭിഷിക്തൻ കണ്ണുകൾ മറിച്ച് ... പിച്ചും പേയും പറയുന്നതും ... വാതിലിന്റെ തടിയിൽ നഖം അമർത്തി വരക്കുന്നതും[27] ... താടിയിലേക്കു തുപ്പൽ ഒലിപ്പിക്കുന്നതും[28] കാണുന്നത് എന്നെ ദുഃഖിപ്പിക്കുന്നു.

ദാവീദിനു എത്ര താഴുവാൻ കഴിഞ്ഞു? അവസാനം ദാവീദിന് അവ ശേഷിച്ച ഏക വഴി ഒരു ദ്വാരം കണ്ടുപിടിച്ച് അതിലേക്കു ഇറങ്ങുക എന്നതാ യിരുന്നു – അതാണ് വാസ്തവത്തിൽ അവൻ ചെയ്തത്. ഗാത്തിൽനിന്നു, ദാവീദ് ഓടി നമ്മുടെ പഠനം ആരംഭിച്ച ഗുഹയിലെത്തി – അദുല്ലാം ഗുഹ.[29]

ബേത്ത്ലെഹേമിനും[30] ഗാത്തിനും മദ്ധ്യേ, പകുതി വഴിയിൽ ഉള്ള യെഹൂ ദ്യയിലെ ഒരു പട്ടണമായിരുന്നു അദുല്ലാം. അതു പാറയുള്ളതും, തരിശായ തുമായ സ്ഥലമായിരുന്നു. അതിനടുത്തുള്ള കുന്നു ഗുഹകൾക്കു പേരെടു ത്തതാണ്, അതിനു പ്രവേശന ദ്വാരം ഒന്നല്ല ആയിരക്കണക്കിനാണ്, ചെന്നെ ത്തുന്നതു മൈലുകളോളം നീണ്ട തുരങ്കങ്ങളിലേക്കാണ്. അതിൽ നിറയെ നീർക്കോലിയും വിഷജന്തുക്കളുമായിരിക്കും. ഇന്നു ഗൈഡുകൾ സന്ദർശ കരെ ആ ഗുഹകളിലേക്കു കൊണ്ടു പോകാറില്ല കാരണം അതിപ്പോൾ കള്ള ന്മാരുടെയും തീവ്രവാദികളുടെയും വിഹാരകേന്ദ്രമാണ്. അതിനെ ലിൻ ആന്റേഴ്സൺ വിളിക്കുന്നതു "ലോകത്തിന്റെ ആയുധപുര"[31] എന്നാണ്. ഇവിടെ ഒളിച്ചിരിക്കുമ്പോഴായിരുന്നു ദാവീദ് പറഞ്ഞത്, "എന്റെ പ്രാണന്നു വേണ്ടി ആരും കരുതുന്നില്ല" (സങ്കീർത്തനങ്ങൾ 142:4). ദാവീദിന്റെ ജീവിത ത്തിലെ ഏറ്റവും താഴ്ന്ന നിമിഷങ്ങളായിരുന്നു അത്.

വിണ്ടും എന്റെ പോയിന്റ്: ദാവീദിനു മോശമായ സമയം ഉണ്ടായെങ്കിൽ, നിങ്ങൾക്കും എനിക്കും ഉണ്ടാകും. കുറെ വർഷങ്ങൾക്കുമുൻപു, ബാങ്ക് ജോലിക്കാരനും യുവാവുമായ, എന്റെ ഒരു സ്നേഹിതനു, ഡോക്ടറുടെ പരിശോധനയിൽ യുവത്വപ്രമേഹമാണെന്നു കണ്ടെത്തി. അദ്ദേഹം മുൻപു (ഇപ്പോഴും) ഊർജസ്വലനും, സന്തോഷവാനും, കഴിവും, കായികാഭ്യാസവു മുള്ള ഒരാളായിരുന്നു – എന്നാൽ ആ പരിശോധന അയാളെ ഓട്ടം നിർത്തിയ തീവണ്ടി പോലെയാക്കി. പല ആഴ്ച്ചകളോളം, അയാൾ യുക്തിരഹിതനാ യും നിരാശനായും കാണപ്പെട്ടു. അയാളുടെ യുക്തിരാഹിത്യത്തിന്റെ ഒരു ചിത്രീകരണം ഇതാ: റ്റി.വി യിൽ ഒരു ഫുട്ബോൾ ഗെയിം വീക്ഷിച്ചുകൊ ണ്ടിരുന്നപ്പോൾ, അയാൾ കരയാൻ തുടങ്ങി. "ഞാൻ ഇനി ഒരിക്കലും ഫുട്ബോൾ കളിക്കുകയില്ല," എന്നു പറഞ്ഞു അയാൾ കരയുകയും ചെയ്തു. മുൻപു അയാൾ ഒരിക്കലും ഫുട്ബോൾ കളിച്ചിരുന്നില്ല, കളിക്കു വാനുള്ള ഉദ്ദേശവുമില്ലായിരുന്നു, പക്ഷെ അതൊന്നും അവന്റെ ദുഃഖത്തെ ഇല്ലാതാക്കിയില്ല. അയാൾ തന്നെ മുടന്തനായി കാണുകയും, തനിക്കു ഇനി ഒന്നും കളിക്കുവാൻ പറ്റുകയില്ല എന്നും ചിന്തിച്ചു. എന്നാൽ കർത്താവിന്റെ കൃപയാലും സ്നേഹമുള്ള കുടുംബത്തിന്റെയും സ്നേഹിതരുടെയും ഉത്തേ ജനത്താലും, അയാൾ വളരെ വേഗം സുഖം പ്രാപിച്ചു ഇപ്പോൾ പഴയ മനു ഷ്യനായി തീർന്നു. ഇപ്പോൾ അയാളുടെ അന്നത്തെ ആ ചിന്തകളെ ഓർത്ത് അയാൾ ചിരിക്കും, എന്നാൽ അതു അല്പനേരത്തേക്കാണെങ്കിലും വിഡ്ഢി ത്തമായിപോയി എന്ന് അയാൾ സമ്മതിക്കും.

വിപത്തു നേരിട്ടാൽ നാം ഒരിക്കലും യുക്തിരഹിതമായി തീരുകയില്ല എന്നു നാം വിചാരിക്കും, എന്നാൽ നമുക്ക് അറിയില്ല. എങ്ങനെ പ്രതികരിക്കുവാനാണ് ഞാൻ *ഇഷ്ടപ്പെടുന്നത്*, ഞാൻ എങ്ങനെ പ്രതികരിക്കുവാനാണ് *പ്രത്യാശിക്കുന്നതു* എന്നു എനിക്കറിയാം, പക്ഷെ അത് അങ്ങനെ തന്നെ ആകണമെന്നില്ല. മോശമായ സമയം വരുമ്പോൾ, നാം വിഡ്ഢിത്തമായി പ്രവർത്തിച്ചേക്കാമെങ്കിലും, വിട്ടുകളയാതിരിക്കേണ്ടതിനാണ് ഞാൻ ഇതു പറയുന്നത്. അതു ആർക്കും സംഭവിക്കാമെന്നു മനസ്സിലാക്കുക - ദൈവസഹായത്താൽ, നമുക്കു അതിനെ അതിജീവിക്കാം എന്നും മനസ്സിലാക്കുക. ദാവീദ് അതു ചെയ്തു; എന്റെ സ്നേഹിതൻ ചെയ്തു; നിങ്ങൾക്കും കഴിയും.

### III. നിങ്ങളുടേതായ പ്രവൃത്തികൾക്ക് ഉത്തരവാദിത്വം ഏല്ക്കുക (22:1-23)

സ്പഷ്ടമായും അദുല്ലാം ഗുഹയിൽ ദാവീദ് ആദ്യം എത്തിയപ്പോൾ എഴുതിയതാകാം സങ്കീർത്തനങ്ങൾ 142, കാരണം 1 ശമുവേൽ 22 പറയുന്നതു ദാവീദ് അധികവും ഒറ്റക്കായിരുന്നില്ല എന്നാണ്.

> അങ്ങനെ ദാവീദ് ... അവിടം വിട്ട് അദുല്ലാം ഗുഹയിലേക്കു ഓടിപോയി; അവന്റെ സഹോദരന്മാരും പിതൃഭവനമൊക്കെയും അതു കേട്ടു, അവന്റെ അടുക്കൽ ചെന്നു. ഞെരുക്കമുള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ, എന്നീ വകക്കാർ ഒക്കെയും അവന്റെ അടുക്കൽ വന്നുകൂടി; അവൻ അവർക്കു തലവനായിതീർന്നു. അവനോടുകൂടെ നാനൂറുപേർ ഉണ്ടായിരുന്നു (22:1, 2).

ആദ്യം, ദൈവം ദാവീദിനു വൈകാരിക പിന്തുണ നല്കി. ദാവീദിനു അവന്റെ കുടുംബത്തെ നല്കി. "അവന്റെ സഹോദരന്മാരും പിതൃഭവനവും ... അവന്റെ അടുക്കലെത്തി." ശൗൽ നിമിത്തം അവന്റെ കുടുംബവും ആപത്തിലായിരുന്നു എന്നതിൽ തർക്കമില്ല.[32]

പിന്നെ ദൈവം ദാവീദിനു പ്രായോഗിക പിന്തുണ നല്കി. ചെയ്യുവാൻ അവനു ദൈവം ഒരു ജോലി നല്കി. വെറുതെ ഇരുന്നു സ്വയം ദുഃഖിക്കുന്നതിനു പകരം, ഒരിക്കലും ഊഹിക്കുവാൻ പോലും കഴിയാത്ത ഒരു സൈന്യത്തെ സംഘടിപ്പിക്കുന്ന വെല്ലുവിളിയാണ് ദൈവം അവനു നല്കിയത്. നമ്മുടെ പുസ്തകം പറയുന്നത് ''മൂന്നു തരം ദുഃഖങ്ങളുള്ളവർ'' ദാവീദിനു ചുറ്റും വരുവാൻ തുടങ്ങി എന്നാണ്: ഞെരുക്കമുള്ളവർ, കടമുള്ളവർ, അസന്തുഷ്ടർ. എബ്രായ ഭാഷയിൽ നിന്നു തർജിമ ചെയ്ത ''ഞെരുക്കമുള്ളവർ'' എന്നതു സൂചിപ്പിക്കുന്നത് പീഢിപ്പിക്കപ്പെട്ടവർ എന്നാണ്. ''കടമുള്ളവർ'' ശൗൽ ചുമത്തിയ അധിക നികുതി കൊടുക്കുവാൻ കഴിയാത്തവരാണ്; അവൻ ഒളിച്ചോടിയില്ലെങ്കിൽ കടം വീട്ടുവോളം കുടുംബത്തെ വില്ക്കേണ്ടി വരും. ''അസന്തുഷ്ടർ'' എന്നതിന്റെ തർജ്ജിമ സൂചിപ്പിക്കുന്നതു മോശമായ പെരുമാറ്റത്തിനിരയായി തെറ്റിലകപ്പെട്ടു ഒരു മാറ്റം ആഗ്രഹിച്ചവർ എന്നാണ്. ഉപദ്രവിക്കപ്പെട്ടതു ദാവീദ് മാത്രമായിരുന്നില്ല; ശൗലിന്റെ ദുർഭരണ ഭാരത്താൽ ദേശം മുഴുവൻ കേഴുകയായിരുന്നു.

ആ പുരുഷന്മാർക്കു യുദ്ധപരിശീലനം ലഭിച്ചവരായിരുന്നില്ല. അവർ

ഒരുകൂട്ടം അസംതൃപ്തരായിരുന്നു, പലരും മറ്റുള്ളവരുമായി ഒത്തുപോകുവാൻ തന്നെ കഴിവില്ലാത്തവരായിരുന്നു. (പിന്നീടുള്ള സംഭവത്തിൽ, നാം വായിക്കുന്നത് "ദാവീദിനോടുകൂടെ പോയ ദുഷ്ടരും ഒന്നിനും കൊള്ളാത്തവരും"[33] ആയവരെ കുറിച്ചാണ്. ഒരു സമയത്ത്, അവർ ദാവീദിനെ കല്ലെറിഞ്ഞു കൊല്ലുവാൻ പോലും തുനിഞ്ഞു![34]) ഈ ഒന്നിനും കൊള്ളാത്തവരെ എങ്ങനെ പരിശീലിപ്പിച്ചു നല്ല സൈന്യമാക്കും? എനിക്ക് അറിയില്ല, എന്നാൽ ദാവീദ് ദൈവത്തിന്റെ വെല്ലുവിളി സ്വീകരിച്ചു. പെട്ടെന്നു ദാവീദ് തിരക്കുള്ളവനായി, ദൈവേഷ്ടം നിറവേറ്റുന്നതിൽ സജീവമായി തീർന്നു. അവൻ തന്റെ സാമ്രാജ്യത്തിനു ശക്തമായ അടിത്തറ പാകുകയായിരുന്നു. തന്റെ വാഴ്ച്ചയിലുടനീളം നിലനില്ക്കത്തക്കവണ്ണം നേതൃത്വത്തെ അവൻ വളർത്തിയെടുത്തു. 2 ശമുവേൽ 23-ൽ ശമുവേലിന്റെ "വീരന്മാരായ പുരുഷന്മാരെ" കുറിച്ചു പറയുമ്പോൾ, നാം വായിക്കുന്നു, "മുപ്പതു നായകന്മാരിൽ മൂന്നു പേർ കൊയ്ത്തുകാലത്തു അദുല്ലാ ഗുഹയിൽ ... ദാവീദിന്റെ അടുക്കൽ ചെന്നു" (23:13). ദാവീദ് രാജാവായപ്പോൾ, അവന്റെ "മന്ത്രിസഭയിൽ" ഉണ്ടായിരുന്നത് അവൻ മരുഭൂമിയിൽ ഒരുമിച്ചു നിന്നു യുദ്ധം ചെയ്തപ്പോൾ വിശ്വസ്തരായിരിക്കുവാൻ പഠിപ്പിച്ചു പരിശീലിപ്പിച്ചവർ ആയിരുന്നു.

മോശമായ സമയത്ത് നാം വിഡ്ഢിത്തമായി പ്രതികരിക്കുമ്പോൾ, നമ്മുടെ തല നേരെയാകുവാനുള്ള ഏക വഴി ദൈവം നമുക്കു മുൻപിൽ തരുന്ന വെല്ലുവിളിയിൽ ഏകാഗ്രത പുലർത്തുകയാണ് - അതായത് നമ്മെ സ്വയം പഴിച്ചു സമയം കളയാതെ മറ്റുള്ളവരെ സേവിക്കുവാൻ തയ്യാറാകുക.

അവസാനം, ദൈവം ദാവീദിനു ആത്മീയ പിന്തുണ നല്കി. ഒന്നു ശമുവേൽ 22:5 പറയുന്നു: "എന്നാൽ ഗാദ് പ്രവാചകൻ ദാവീദിനോട്, 'ദുർഗ്ഗത്തിൽ[35] പാർക്കാതെ; യെഹൂദാ ദേശത്തേക്കു, പൊയ്ക്കൊൾക എന്നു പറഞ്ഞു.' അപ്പോൾ ദാവീദ് പുറപ്പെട്ട് ഹേരെത്ത് കാട്ടിൽ വന്നു." ഒരു സമയത്ത് ഗാദ് ദാവീദിന്റെ സൈന്യത്തിൽ ചേരുകയും അവന്റെ ഉപദേശകരിൽ ഒരാളാവുകയും ചെയ്തു. ദാവീദ് രാജാവായിതീർന്നപ്പോൾ, ഗാദ് അവന്റെ "ദർശകനായി."[36] ക്രമേണ, ഗാദ് ദാവീദിന്റെ വാഴ്ച്ചക്കാലത്ത് ദിനവൃത്താന്തമെഴുത്തുകാരിൽ ഒരാളായിതീർന്നു.[37]

എങ്ങനെയായാലും, ദാവീദിന്റെ സാഹചര്യം നന്നാവാൻ തുടങ്ങിയെങ്കിലും, അവന്റെ വിഡ്ഢിത്തത്തിന്റെ അനന്തരഫലം അവൻ കാണുവാൻ തുടങ്ങി. ഒരു ദിവസം, തന്റെ മുഖ്യ ഉദ്യോഗസ്ഥന്മാർ ചുറ്റും നില്ക്കുമ്പോൾ, ഗിബെയക്കു പുറത്തുള്ള ഒരു വൃക്ഷത്തണലിൽ ശൗൽ രാജാവു ഇരിക്കുമ്പോൾ, അവൻ സ്വയം-പരിതപിച്ചു പാപത്തിൽ ആഴുകയായിരുന്നു. "നിങ്ങളിൽ ആരും എന്നെക്കുറിച്ചു വ്യസനിക്കുന്നില്ലല്ലോ" (22:8), അവൻ നിലവിളിച്ചു. ഏദോമ്യനായ ദോവേഗ് അടുത്തു നില്ക്കുന്നുണ്ടായിരുന്നു. (ദോവേഗിനെ ഓർമ്മയില്ലേ? നോബിലെ സമാഗമനകൂടാരത്തിൽ വെച്ചു ദാവീദിനെ അവനാണ് കണ്ടത്.) ദോവേഗ് സംസാരിച്ചു: "നോബിൽ, അഹീതൂബിന്റെ മകനായ അഹീമേലക്കിന്റെ അടുക്കൽ യിശ്ശായിയുടെ മകൻ വന്നതു ഞാൻ കണ്ടു. അവനു വേണ്ടി യഹോവയോടു അരുളപ്പാട് അവൻ ചോദിച്ചു,[38] അവനു ഭക്ഷണസാധനവും, ഫെലിസ്ത്യനായ ഗൊല്യാത്തിന്റെ വാളും കൊടുത്തു" (22:9, 10). അഹീമേലക്കിന്റെ ആദ്യത്തെ വൈമനസ്യമോ ദാവീ

ദിന്റെ വഞ്ചനയോ ദോവേഗ് പറഞ്ഞില്ല. ശൗലിനു ഒരിക്കൽകൂടെ നിയന്ത്രണം വിട്ടു. അവൻ അഹീമേലക്കിനേയും മറ്റു പുരോഹിതന്മാരെയും ആളയച്ചു വരുത്തി കൊല്ലിച്ചു. പിന്നെ അവൻ നോബ് പട്ടണം മുഴുവൻ നശിപ്പിച്ചു: പുരുഷന്മാരെയും, സ്ത്രീകളെയും, കുട്ടികളെയും, ശിശുക്കളെയും, മൃഗങ്ങളെ പോലും നശിപ്പിക്കയുണ്ടായി![39]

ഒരു പുരോഹിതനായ – അഹീമേലക്കിന്റെ മകനായ, അബിയാഥാർ – രക്ഷപ്പെട്ടു.[40] അബിയാഥാർ വന്നു സംഭവിച്ചതെല്ലാം ദാവീദിനോട് അറിയിച്ചു. ഈ ദുഃഖകരമായ സ്ഥിതിക്കു മറ്റാരെയെങ്കിലും പഴി ചാരുവാൻ ദാവീദിനു എളുപ്പമായിരുന്നു. അവനു വേണമെങ്കിൽ, "അതെല്ലാം ശൗലിന്റെ കുഴപ്പമാണ്! അവൻ എന്നെ കൊല്ലുവാൻ ശ്രമിച്ചില്ലായിരുന്നെങ്കിൽ, ഇങ്ങനെ ഒന്നും സംഭവിക്കുമായിരുന്നില്ല!" എന്നു പറയാമായിരുന്നു. അല്ലെങ്കിൽ, "ശൗൽ അതിർ കവിഞ്ഞു പ്രതികരിച്ചില്ലായിരുന്നുവെങ്കിൽ, നിന്റെ കുടുംബം ഇന്നും ജീവിച്ചിരിക്കുമായിരുന്നു!" വീണ്ടും, അവനു വേണമെങ്കിൽ അഹീമേലക്കിനെ കുറ്റപ്പെടുത്താമായിരുന്നു: "നിന്റെ അപ്പൻ എന്നെ വെല്ലുവിളിക്കാതിരുന്നെങ്കിൽ, എനിക്കു നുണ പറയേണ്ടി വരുമായിരുന്നില്ല." ദാവീദ് ഇങ്ങനെയും പറഞ്ഞേക്കാം, "അതു തികച്ചും ഭാഗ്യദോഷമായിപോയി. എനിക്കു തോന്നുന്നു, അന്നു ദോവേഗ് അവിടെ ഇല്ലായിരുന്നെങ്കിൽ, ഇങ്ങനെ ഒന്നും സംഭവിക്കുമായിരുന്നില്ല, അല്ലേ?" എങ്ങനെയായാലും, ദാവീദ് ആരെയും പഴിക്കുകയോ, ഒഴികഴിവു പറയുകയോ ചെയ്തില്ല. ഹൃദയവേദനയോടെ, അവൻ പറഞ്ഞു, "എദോമ്യനായ ദോവേഗ് അവിടെ ഉണ്ടായിരുന്നതുകൊണ്ടു, അവൻ ശൗലിനോടു അറിയിക്കും എന്നു, അന്നു ഞാൻ തന്നെ നിശ്ചയിച്ചു. നിന്റെ പിതൃഭവനത്തിന്നൊക്കെയും ഞാൻ മരണത്തിന്നു കാരണമായല്ലോ" (വാ.22). എൻഐവി യിൽ, "നിന്റെ പിതൃഗൃഹം ഒക്കെയും മരിക്കുന്നതിനുത്തരവാദി ഞാനാണ്" എന്നത്രെ. "ശൗലാണ് ഉത്തരവാദി" എന്നോ "അഹീമേലക്കാണ് ഉത്തരവാദി" എന്നോ "ദോവേഗ് ആണ് ഉത്തരവാദി," എന്നോ ദാവീദ് പറഞ്ഞില്ല, എന്നാൽ പറഞ്ഞതു "*ഞാനാണ്* അതിനുത്തരവാദി" എന്നാണ്.

മോശമായ സമയം വരുമ്പോൾ നമ്മിൽ ആരും വിഡ്ഢിത്തമായി പ്രവർത്തിച്ചേക്കാം – അതിനർത്ഥം വിഡ്ഢിത്തത്തിനു നാം ഉത്തരവാദി അല്ല എന്നല്ല. ഒരു സന്ദർഭത്തിൽ, നമ്മുടെ കാര്യങ്ങളിൽ പ്രവർ ത്തിക്കുവാൻ ദൈവത്തെ വീണ്ടും അനുവദിക്കയും നാം ശരിക്കു ചിന്തിക്കുകയും ചെയ്യുമെന്നാണ്, എന്റെ പ്രാർത്ഥന. നാം അവസാനം അവിടെ എത്തുമ്പോൾ, നമ്മുടെ സ്വന്തം പ്രവൃത്തികൾക്കുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ തക്കവണ്ണം പ്രാപ്തിയുള്ളവരും ആത്മാർത്ഥതയുള്ളവരും ആകട്ടെ. കുഴപ്പം നേരിടുമ്പോൾ നമ്മുടെ തെറ്റിന് മറ്റുള്ളവരെ കുറ്റപ്പെടുത്തരുത്; നാം സാഹചര്യത്തെയും കുറ്റപ്പെടുത്തരുത്; നാം വ്യക്തിപരമായി തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ തയ്യാറാകണം.

ദാവീദ് അബ്യാഥാറിനെ[41] അഭിമുഖീകരിച്ചതുപോലെ, നാം ഉപദ്രവിച്ച ആളുകളെ നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നേക്കാം. നാം പറയേണ്ടതു, "ക്ഷമിക്കണം, എനിക്ക് എന്തോ സംഭവിച്ചു. കുറെ നേരത്തേക്കു ഞാൻ വിഡ്ഢിത്തമായി പ്രവർത്തിച്ചു; ഞാൻ പറഞ്ഞതിനും ചെയ്തതിനും ഒരു ഒഴികഴിവുമില്ല. നിങ്ങൾ എന്നോടു ഹൃദയംഗമമായി ക്ഷമിക്കുമെന്നു ഞാൻ

കരുതുന്നു.''[42] നമ്മുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വം നാം ഏറ്റെടുക്കാതെ നമ്മുടെ മോശമായ സമയത്തെ നമുക്ക് സത്യസന്ധത കൊണ്ട് അതിജീവിക്കുവാൻ സാധ്യമല്ല.

### IV. ആളുകൾ നിങ്ങളെ തരം താഴ്ത്തുമ്പോൾ നിങ്ങൾ അതിശയിക്കരുത് (23:1-29)

ദാവീദ് അവസാനം ഗുഹയിൽനിന്നു പുറത്തുവന്നു, ഒരു കൂട്ടം ആശ്രിതർ അവനോടൊപ്പം ഉണ്ടായിരുന്നു, എന്നാൽ അതൊന്നും പ്രശ്നങ്ങൾ തീർന്നതിന്റെ ലക്ഷണമായിരുന്നില്ല. മോശമായ സമയം വരുമ്പോൾ, ആളുകൾ പലപ്പോഴും നിങ്ങളെ തരംതാഴ്ത്തും – നിങ്ങൾ ഉപദ്രവിച്ചിട്ടില്ലാത്തവരും, ഒരുപക്ഷെ നിങ്ങൾ സഹായിച്ചവർപോലും നിങ്ങളെ തരം താഴ്ത്തും എന്ന കഠിനമായ പാഠം ദാവീദ് അധികം താമസിക്കാതെ പഠിച്ചു.

അടുത്ത അദ്ധ്യായം തുടങ്ങുന്നു: "അനന്തരം, 'ഫെലിസ്ത്യർ കെയീലയുടെ നേരെ, യുദ്ധം ചെയ്തു' എന്നു അവർ, ദാവീദിനോടു പറഞ്ഞു" (13:1).[43] ശത്രുസൈന്യം[44] നിരന്നിരിക്കുന്നതിന്റെ പിന്നിലുള്ള യിസ്രായേല്യ പട്ടണമായിരുന്നു കെയീല, അതുകൊണ്ടു ഇരട്ടി അടിയേൽക്കാൻ സാധ്യതയുണ്ട്. ഫെലിസ്ത്യരോടു[45] ആക്രമണം നടത്തേണ്ടത് ശൗലായിരുന്നു, എന്നാൽ ശൗൽ ശത്രുവിനെ ആക്രമിക്കുന്നതിനുപകരം ദാവീദിനെ തിരഞ്ഞു സമയം പാഴാക്കുകയായിരുന്നു. അതുകൊണ്ടു, ആളുകൾ സഹായത്തിനായി ദാവീദിനെ സമീപിച്ചു.

"'ഞാൻ ഈ ഫെലിസ്ത്യരെ ചെന്നു തോല്പിക്കേണമോ?' എന്നു, യഹോവയോടു ദാവീദ്, ആലോചന ചോദിച്ചു" (23:2). ദാവീദിന്റെ ആളുകൾ വർദ്ധിച്ച് അറുന്നൂറോളം ആയി,[46] എന്നാൽ രേഖകൾ പരിശോധിക്കുമ്പോൾ, അവർ അപ്പോഴും യുദ്ധത്തിലായിരുന്നില്ല എന്നു കാണാം. കെയീല ശത്രു ലൈനിനു പുറകിൽ ആകയാൽ, അവരെ എല്ലാ നിലയിലും കീഴ്പ്പെടുത്തുകയും തടയുകയും ചെയ്യാം. യുദ്ധത്തിനു പോകുന്നതിനെ സംബന്ധിച്ച് "അതുകൊണ്ട് ദാവീദ് യഹോവയോടു ആലോചന ചോദിച്ചു."

അല്പം നിന്നുകൊണ്ട്, "യഹോവയോടു ചോദിച്ചു" എന്ന പ്രയോഗത്തിന്റെ പ്രാധാന്യത്തിന് നമുക്ക് ഊന്നൽ കൊടുക്കാം. മറ്റെല്ലാ പുരോഹിതന്മാരെയും ശൗൽ കൊന്നതുകൊണ്ട് അബ്യാഥാർ സംരക്ഷണത്തിനുവേണ്ടി ദാവീദിന്റെ അടുക്കലേക്ക് ഓടിച്ചെന്നത് ഓർമ്മിക്കുമല്ലോ. അബ്യാഥാർ മഹാപുരോഹിതന്റെ മകൻ ആകകൊണ്ടും, മറ്റെല്ലാ പുരോഹിതന്മാർ മരിച്ചതുകൊണ്ടും, ഇപ്പോൾ അബ്യാഥാർ മഹാ പുരോഹിതനാണ്. ദാവീദ് പുരോഹിതന്മാരുടെ സംരക്ഷകൻ ആകുന്നത്, അവൻ രാജാവായി തീരുന്നതിന്റെ മറ്റൊരു പ്രധാന പടി ആയിരുന്നു.

കൂടാതെ, അബ്യാഥാർ ദാവീദിന്റെ അടുക്കൽ വന്നപ്പോൾ, അവൻ ഏഫോദും കൊണ്ടുവന്നിരുന്നു (23:6, 8).[47] ഏഫോദ് പുരോഹിത വസ്ത്രത്തിന്റെ മുകളിൽ ധരിച്ചിരുന്ന കയ്യില്ലാത്ത ഒന്നായിരുന്നു. എല്ലാ പുരോഹിതന്മാരും ഒരു ഏഫോദ് ധരിച്ചിരുന്നു,[48] എന്നാൽ ഒരു ഏഫോദു മാത്രം ആയിരുന്നു *ഏക* ഏഫോദ്; ഇത് മഹാപുരോഹിതൻ ധരിച്ചിരുന്ന ഏഫോദ് ആയിരുന്നു. അത് മഹാ പുരോഹിതന്റെ നെഞ്ചിന്റെ ഭാഗത്തുള്ള (അല്ലെങ്കിൽ അടുത്തോ, അല്ലെങ്കിൽ അടിയിലോ) തട്ടത്തിൽ[49] ഉള്ള, ഊറീമും തുമ്മീമും ആയി ബന്ധപ്പെട്ടിരിക്കുന്നു. ഊറീമും തുമ്മീമും ദൈവേഷ്ടത്തെ

തിരിച്ചറിയുന്നതിനു ഉപയോഗിച്ചിരുന്നു. ഊറീമും തുമ്മീമും യഥാർത്ഥത്തിൽ എന്തായിരുന്നു എന്നും, അതെങ്ങനെ ഇരിക്കുമെന്നും നമ്മോടു വ്യക്തമാക്കിയിട്ടില്ല. ഒരുപക്ഷെ അവ പുറപ്പാട് 28-ൽ പറഞ്ഞിരിക്കുന്ന കല്ലുകളുടെ ഭാഗമാകാം. ഒരുപക്ഷെ ഏഫോദിന്റെ പോക്കറ്റിൽ പതിച്ചിരിക്കുന്ന നിറമുള്ള വേറിട്ട കല്ലുകളും ആകാം. അത് നാണയങ്ങൾ[50] കൈകൊണ്ടു തെറിപ്പിക്കുന്നതു പോലെ കൂടുതലും ഉപയോഗിച്ചിരിക്കാം. (യാദൃശ്ചികമായിട്ടല്ല, അതിന്റെ ഫലം കർത്താവു നിശ്ചയിച്ചതായിരുന്നു). അവ ഒന്നുകിൽ "അതെ" അല്ലെങ്കിൽ "അല്ല" എന്ന് ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകേണ്ടതിന് ഉപയോഗിച്ചിരുന്നതായി വ്യക്തമാണ്.

ദൈവം ദാവീദിനു ഇതിനു പുറമെയും ആത്മീയ പിന്തുണ നല്കിയിരുന്നു: ഇപ്പോൾ ദാവീദിനോടുകൂടെ മഹാപുരോഹിതനും ഊറീമും തുമ്മീമുമുള്ള ഏഫോദും ഉണ്ട്! അങ്ങനെ ദാവീദിന് "യഹോവയോടു ചോദിക്കുവാൻ" കഴിഞ്ഞു.

"ഞാൻ ഫെലിസ്ത്യരെ ആക്രമിക്കുവാൻ പോകേണമോ?" എന്ന ദാവീദിന്റെ ചോദ്യത്തിന്, യഹോവ "അതെ"[51] എന്ന് മറുപടി കൊടുത്തു. "അങ്ങനെ ദാവീദും അവന്റെ ആളുകളും കെയീലയിലേക്കു പോയി ഫെലിസ്ത്യരോടു പൊരുതു; അവരുടെ ... ആടുമാടുകളെ അപഹരിച്ചു അവരെ കഠിനമായി തോല്പിച്ചു. അങ്ങനെ കെയീലാ നിവാസികളെ രക്ഷിച്ചു" (23:5). ആ പട്ടണത്തെ രക്ഷിച്ചതുകൊണ്ട്, ദാവീദും തന്റെ സൈന്യവും കെയീലയിൽ പാളയമടിച്ചു, ഒരുപക്ഷെ അത് അവരുടെ തലസ്ഥാനമാക്കി മാറ്റുവാൻ പദ്ധതി ഇട്ടിരിക്കാം. അവരുടെ പൗരാവകാശം സംരക്ഷിക്കപ്പെടുന്നതും അനുമോദിക്കപ്പെടുന്നതുമായിരിക്കണമെന്ന് പ്രതീക്ഷിക്കുവാൻ എല്ലാ അധികാരവും ഉണ്ട്. എങ്ങനെയായാലും, അധികം കഴിയുന്നതിനുമുൻപ്, അവർ അവിടെ ഉണ്ടെന്ന് അറിവു കിട്ടിയ ശൗൽ അവരെ പിന്തുടരുവാൻ പദ്ധതി ഇട്ടു. വീണ്ടും ദാവീദ് യഹോവയോട് ആലോചന ചോദിച്ചു. അവൻ ചോദിച്ച ചോദ്യങ്ങളിൽ ഒന്ന്, "കെയീലക്കാർ എന്നെയും എന്റെ ആളുകളെയും കീഴ്പ്പെടുത്തുകയും ശൗലിന്റെ കയ്യിൽ അകപ്പെടുത്തുകയും ചെയ്യുമോ?" യഹോവ പറഞ്ഞു, "അവർ നിന്നെ കീഴ്പ്പെടുത്തും" (23:12).

ഇത് വൃണപ്പെടുത്തുമായിരുന്നു! ഇവിടെ ദാവീദിനാൽ വീണ്ടെടുക്കപ്പെട്ട പട്ടണം - അവരുടെ പട്ടണം സുരക്ഷിതമായിരുന്നു; അപ്പോഴും അവർക്ക് ഉൽപ്പന്നങ്ങളും കന്നുകാലികളും ഉണ്ടായിരുന്നു; അവരുടെ കുടുംബങ്ങൾ സുരക്ഷിതരായിരുന്നു - എന്നിട്ടും അവരുടെ വീണ്ടെടുപ്പുകാരനെ തള്ളിപ്പറയുവാൻ ഒരുങ്ങിയിരുന്നു. ഒരുപക്ഷെ നോബു പട്ടണത്തെ ശൗൽ നശിപ്പിക്കുവാൻ പോകുന്നു എന്ന വാർത്ത കേട്ട് അവർ ദാവീദിന്റെ വശത്തായിരുന്നതുകൊണ്ട് തങ്ങളെ നശിപ്പിക്കുവാൻ അവൻ മടിക്കുകയില്ല എന്ന് കരുതിയിരിക്കാം, എങ്കിലും ദാവീദിനു അത് വിഴുങ്ങുവാൻ പറ്റാത്ത കയ്പ്പുള്ള ഗുളിക തന്നെ ആയിരുന്നു. എങ്ങനെയായാലും, ദാവീദ്, ദേഷ്യപ്പെട്ടില്ല. "അനന്തരം അവന്റെ, അറുന്നൂറോളം വരുന്ന പുരുഷന്മാരും, എഴുന്നേറ്റു കെയീലയിൽ നിന്ന് പുറപ്പെട്ടു പോയി" (23:13).

പിന്നെ ദാവീദും അവന്റെ ആളുകളും യെഹൂദ്യയിലെ സിഫ് മരുഭൂമിയുടെ അടുത്തേക്കു പോയി. സിഫിത്യർ യെഹൂദ[52] ഗോത്രത്തിൽ നിന്നുള്ളവരായിരുന്നു, ദാവീദും അതേ ഗോത്രത്തിൽ നിന്നുള്ളവൻ ആയിരുന്നു. അവർ അവന്റെ സ്വന്ത ആളുകൾ ആയിരുന്നു! അവന് അവിടെ സുരക്ഷിത

നായി തോന്നി എന്നതിൽ സംശയമില്ല. എങ്ങനെയായാലും, വീണ്ടും, ദാവീദ് ഒരിക്കലും ഉപദ്രവിച്ചിട്ടില്ലാത്ത ആളുകളും, ഒരുപക്ഷെ അവൻ സംരക്ഷിച്ചിരുന്നവർ[53] പോലും അവനെ തള്ളിപ്പറഞ്ഞു. സിഫിത്യർ ശൗലിന്റെ അടുക്കൽ ചെന്ന് ദാവീദ് എവിടെ ഉണ്ടെന്നറിയിക്കുകയും, ദാവീദിനെ രാജാവിന്റെ കയ്യിലേക്ക് ഏല്പിച്ചു കൊടുക്കാമെന്നു പറയുകയും ചെയ്തു.[54] എന്നാൽ ദൈവിക ഇടപെടൽ മൂലം മാത്രം ദാവീദ് രക്ഷപ്പെട്ടു. കുറേ അദ്ധ്യായങ്ങൾക്കു ശേഷം,[55] സിഫിത്യർ വീണ്ടും ദാവീദിനെ തള്ളിപ്പറഞ്ഞു.

ദാവീദിനെ തള്ളിപ്പറയുന്നതു അതാദ്യമായിരുന്നില്ല, അതവസാനത്തേതുമായിരുന്നില്ല; എന്നാൽ അതെത്ര തവണ സംഭവിച്ചിരുന്നാലും, അപ്പോഴും അത് വേദനിപ്പിച്ചിരുന്നു. ഞാൻ പറയുന്നത് വാസ്തവത്തിൽ നിങ്ങൾക്കു മനസ്സിലായിക്കാണുമെന്നു വിശ്വസിക്കുന്നു. നിങ്ങൾ ചിലരിൽ നിങ്ങളുടെ ആത്മവിശ്വാസം അർപ്പിക്കും. നിങ്ങളുടെ ജീവൻ പോലും ആശ്രയത്തിനായി ചിലരിൽ അർപ്പിക്കും. അപ്പോൾ അയാൾ നിങ്ങളുടെ വിശ്വാസത്തെ തള്ളിപ്പറയും. അവൻ നിങ്ങളെ തരം താഴ്ത്തുകയും, നിങ്ങൾക്കു വേദന ഉണ്ടാകുകയും ചെയ്യും.

ഇത്തരത്തിലുള്ള സമയം വരുമ്പോൾ നാം മനുഷ്യരിലല്ല ആശ്രയം വെക്കേണ്ടത്, പിന്നെയോ ദൈവത്തിലാണ് എന്ന് ബോധ്യപ്പെടുത്തുന്നു. ക്രൂശിന്റെ യോദ്ധാവായ, പൗലൊസ്, ഒരിക്കൽ പറഞ്ഞു, "എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല, എല്ലാവരും എന്നെ കൈവിട്ടു; ... *കർത്താവോ* എനിക്കു തുണ നിന്നു, എന്നെ ശക്തീകരിച്ചു, ..." (2 തിമൊഥെയൊസ് 4:16, 17; എംഫസിസ് മൈൻ).

## V. നിങ്ങളെ തരം താഴ്*ത്താത്ത* സ്നേഹിതന്മാർക്ക് നന്ദിയുള്ളവരായിരിപ്പിൻ (23:15-18)

അദ്ധ്യായം 23-ലെ വാക്യങ്ങൾ 15 മുതൽ 18 വരെയുള്ളത് ആ അദ്ധ്യായത്തിന്റെ ശേഷം ഭാഗങ്ങളിൽ നിന്നും നല്ല വ്യത്യാസമുള്ളതായി കാണാം. ദാവീദിന്റെ പ്രാണനെ എടുക്കുവാൻ ഭ്രാന്തുപിടിച്ചു ശൗൽ ഓടുകയും, കെയീലക്കാരും സിഫിത്യരും ദാവീദിനെ തള്ളിപ്പറയുവാൻ തയ്യാറാകുകയും ചെയ്തപ്പോൾ, യോനാഥാൻ ദാവീദിന്റെ അടുക്കൽ വന്ന് "ദൈവത്തിൽ അവനെ ധൈര്യപ്പെടുത്തി" എന്നു കാണാം. എണ്ണത്തിനും ദൂരത്തിനും ഇടയിലുള്ള വ്യത്യാസം നിങ്ങളോടൊപ്പം ഉണ്ടാകുന്ന സ്നേഹിതന്മാർക്ക് പ്രശ്നമല്ല. നിങ്ങൾക്ക് അങ്ങനെയുള്ള ഒരു സ്നേഹിതൻ ഉണ്ടെങ്കിൽ, ആ സ്നേഹിതനെ ലഭിച്ചതിന് ദൈവത്തിനു നന്ദി പറയുക.

## VI. *ദൈവം* നിങ്ങളെ ഒരിക്കലും താഴ്ത്തുകയില്ല എന്നു വിശ്വസിക്കുക (23:14, 25, 26)

ഒരു ദേശം മുഴുവനും ഒരുമിച്ചു അവനെ നശിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, അവനു ചുറ്റുമുള്ളവർ അവനെ തള്ളിപ്പറയുവാൻ താല്പര്യം കാണിക്കുമ്പോൾ ഒരാൾ എങ്ങനെ രക്ഷപ്പെടും? ദാവീദ് എങ്ങനെ രക്ഷപ്പെട്ടു എന്ന് 23:14-ൽ നാം വായിക്കുന്നു: "ദാവീദ് ... മരുഭൂമിയിലെ ദുർഗ്ഗങ്ങളിൽ താമസിച്ചു സീഫ് മരുഭൂമിയിലെ മലനാട്ടിൽ പാർത്തു. ഇക്കാലത്തൊക്കെയും ശൗൽ അവനെ തിരഞ്ഞുകൊണ്ടിരുന്നു, എങ്കിലും ദൈവം അവനെ അവന്റെ

കയ്യിൽ ഏൽപ്പിച്ചില്ല.'' ശൗലിന്റെ കെണിയിൽ ദാവീദ് അകപ്പെടാതിരിക്കുവാൻ കാരണം നന്നായി-പരിശീലനം ലഭിച്ച അറുനൂറു പേർ അവനെ സംരക്ഷിക്കു വാൻ ഉണ്ടായിരുന്നതു കൊണ്ടോ, അവൻ ജീവിച്ചിരുന്നതിൽ വെച്ച് ഏറ്റവും പ്രഗത്ഭനായ അഭയാർത്ഥി ആയതുകൊണ്ടോ അല്ല. ദാവീദ് രക്ഷപ്പെട്ടത് "*ദൈവം* അവനെ ശൗലിന്റെ കയ്യിൽ ഏല്പിക്കാതിരുന്നതുകൊണ്ടാണ്"!

ദാവീദിന്റെ ജീവിതത്തെക്കുറിച്ചു പ്രതിപാദിക്കുന്ന അദ്ധ്യായങ്ങൾ നോക്കി, കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു എന്നു എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട് എന്നു കാണുക.[56] ദാവീദിനു മറ്റെങ്ങോട്ടും തിരിയുവാൻ കഴിയാതെ വരുമ്പോൾ, അവൻ ദൈവത്തിലേക്കു തിരിയും. അവന്റെ ജീവിതത്തിലെ കലുഷിതമായ അനുഭവങ്ങളുമായി ബന്ധപ്പെട്ടതാണ് ദാവീദിന്റെ സങ്കീർത്തനപുസ്തകങ്ങൾ. ആ സങ്കീർത്തനങ്ങൾക്കു മുൻപായുള്ള മുഖവുര കുറിപ്പുകൾ ശ്രദ്ധിക്കുക:

സങ്കീർത്തനങ്ങൾ 59: "ശൗൽ ആളുകളെ അയച്ചു, അവനെ കൊല്ലേണ്ടതിന്നു അവരെ വീടിനു ചുറ്റും കാവൽ നിർത്തിയപ്പോൾ."

സങ്കീർത്തനങ്ങൾ 56: "ഗാത്തിൽ വെച്ച് ഫെലിസ്ത്യർ അവനെ പിടിച്ചപ്പോൾ."

സങ്കീർത്തനങ്ങൾ 34: "അവൻ അബീമെലെക്കിനു മുൻപിൽ ഭ്രാന്തനായി അഭിനയിച്ചു, അവൻ അവനെ ഓടിക്കുകയും അവൻ പുറപ്പെട്ടുപോകയും ചെയ്തപ്പോൾ."

സങ്കീർത്തനങ്ങൾ 57: "അവൻ ശൗലിൽനിന്നു ഓടി, ദുർഗ്ഗത്തിലേക്കു പോയി."

സങ്കീർത്തനങ്ങൾ 142: "അവൻ ദുർഗ്ഗത്തിൽ ആയിരുന്നപ്പോൾ."

സങ്കീർത്തനങ്ങൾ 52: "എദോമ്യനായ ദോവേഗ് വന്നു, ശൗലിനോടു, 'ദാവീദ് അഹീമേലക്കിന്റെ അടുക്കൽ വന്നു' എന്നു പറഞ്ഞപ്പോൾ."

സങ്കീർത്തനങ്ങൾ 63: "അവൻ യെഹൂദ്യയിലെ മരുഭൂമിയിൽ ആയിരുന്നപ്പോൾ."

സങ്കീർത്തനങ്ങൾ 54: "സീഫ്യർ വന്നു ശൗലിനോടു, 'ദാവീദ് നമ്മുടെ ഇടയിലല്ലേ ഒളിച്ചിരിക്കുന്നത്?' എന്നു പറഞ്ഞപ്പോൾ."

സംഘർഷസമയങ്ങളിൽ, ആളുകൾ കയ്യിൽ ഡയറികൾ സൂക്ഷിക്കാറുള്ളത് അവരുടെ കാഴ്ച്ചപ്പാട് ശരിയാകുവാൻ അവരെ സഹായിക്കും; ദാവീദ് ഗാനങ്ങൾ രചിച്ചു![57] അങ്ങനെയുള്ള സമയങ്ങളിൽ നമ്മിൽ അധികം പേരും നിരാശയിലായിരിക്കും, ദാവീദ് തന്റെ ഭയം മാത്രമല്ല പ്രകടിപ്പിച്ചത് പിന്നെയോ മറക്കുവാൻ കഴിയാത്ത ഗാനങ്ങളിൽ അവന്റെ വിശ്വാസവും പ്രകടിപ്പിച്ചു. അവന്റെ ആ കാലത്തെ ഓർമ്മിപ്പിക്കുന്ന ഒന്നാം സങ്കീർത്തനത്തിൽ, ദാവീദ് തന്റെ അന്ധാളിപ്പ് വ്യക്തമാക്കി:

ഇതാ, അവർ എന്റെ പ്രാണന്നായി
    പതിയിരിക്കുന്നു;
യഹോവേ,
ബലവാന്മാർ എന്റെ നേരെ കൂട്ടം കൂടുന്നതു,

എന്റെ അതിക്രമം ഹേതുവായിട്ടല്ല എന്റെ പാപം ഹേതുവായിട്ടുമല്ല,
എന്റെ പക്കൽ അകൃത്യം ഇല്ലാതെ, അവർ ഓടി ഒരുങ്ങുന്നു
എന്നെ സഹായിപ്പാൻ ഉണർന്നു കടാക്ഷിക്കേണമേ
(സങ്കീർത്തനങ്ങൾ 59:3, 4).

പിന്നെ, എങ്ങനെയായാലും, ദൈവത്തിലുള്ള അവന്റെ വിശ്വാസത്തെ അവൻ പ്രഖ്യാപിച്ചു: "എന്റെ ബലമായുള്ളോവേ, ഞാൻ നിനക്കു സ്തുതി പാടും; ദൈവം എന്റെ ഗോപുരവും, എന്നോടു ദയയുള്ള ദൈവവും അല്ലോ" (59:17)!

ആ കാലത്തെ അനുസ്മരിപ്പിക്കുന്ന അവസാന സങ്കീർത്തനത്തിൽ, സീഫ്യർ അവനെ തള്ളിപ്പറഞ്ഞപ്പോൾ ദാവീദ് ദൈവത്തോടു കരഞ്ഞു. ദാവീദു പറഞ്ഞു:

ദൈവമേ, നിന്റെ നാമത്താൽ, എന്നെ രക്ഷിക്കേണമേ,
നിന്റെ ശക്തിയാൽ എനിക്കു ന്യായം പാലിച്ചു തരേണമേ.
ദൈവമേ, എന്റെ പ്രാർത്ഥന കേൾക്കേണമേ;
എന്റെ വായിലെ വാക്കുകളെ ശ്രദ്ധിക്കേണമേ.
അന്യജാതിക്കാർ എന്നോടു എതിർത്തിരിക്കുന്നു,
ഘോരന്മാർ എനിക്കു ജീവഹാനി വരുത്തുവാൻ നോക്കുന്നു; ...
(സങ്കീർത്തനങ്ങൾ 54:1-3).

ആ പ്രാർത്ഥനക്കു ദൈവം മറുപടി നൽകിയോ? 1 ശമുവേൽ 23-ന്റെ അവസാനഭാഗം നോക്കുക. സീഫ്യർ ദാവീദിനെ കാണിച്ചുകൊടുക്കാമെന്നു ശൗലിനോടു പറഞ്ഞപ്പോൾ, വീണ്ടും ദാവീദ് അവരുടെ കയ്യിൽനിന്നു വഴുതിപ്പോകാതിരിക്കേണ്ടതിനു, ദാവീദ് എവിടെയിരിക്കുന്നു എന്നു കൃത്യമായി പറയുവാൻ ശൗൽ അവരോടു ആവശ്യപ്പെട്ടു. സീഫ്യരാൽ നയിക്കപ്പെട്ട്, ശൗലും അവന്റെ സൈന്യവും നേരെ ശരിയായ സ്ഥലത്തേക്കു ചെന്നു. പെട്ടെന്നുതന്നെ ശൗലിനു ദാവീദിന്റെ കാൽപ്പാടുകളെ പിന്തുടരുവാൻ കഴിഞ്ഞു: "ശൗൽ പർവ്വതത്തിന്റെ ഇപ്പുറത്തും, ദാവീദും ആളുകളും പർവ്വതത്തിന്റെ അപ്പുറത്തും കൂടി നടന്നു; ശൗലിനെ ഒഴിഞ്ഞുപോകുവാൻ ദാവീദ് ബദ്ധപ്പെട്ടു, ശൗലും പടജ്ജനവും ദാവീദിനെയും അവന്റെ ആളുകളെയും വളഞ്ഞു പിടിപ്പാൻ അടുത്തു" (23:26). ശൗലിന്റെ ആയിരത്തോളം സൈന്യം രണ്ടു വശത്തുനിന്നും പർവ്വതത്തെ വളയുവാൻ തുടങ്ങി; ദാവീദും അവന്റെ അറുന്നൂറു ആളുകളും നടുവിൽ ഞെരുങ്ങുവാൻ പോകുന്നു. ദാവീദിനു രക്ഷപ്പെടുവാൻ വഴി ഒന്നുമില്ലെന്നായി. അപ്പോൾ ദൈവം ഇറങ്ങിവന്നു. "അപ്പോൾ, ശൗലിന്റെ അടുക്കൽ ഒരു ദൂതൻ വന്നു, 'ക്ഷണം വരേണം, ഫെലിസ്ത്യർ ദേശത്തെ ആക്രമിച്ചിരിക്കുന്നു' എന്നു പറഞ്ഞു. ഉടനെ ശൗൽ ദാവീദിനെ പിന്തുടരുന്നതു വിട്ടു, ഫെലിസ്ത്യരുടെ നേരെ പോയി" (23:27, 28).[58] വാക്യം 14-ന്റെ വെളിച്ചത്തിൽ അതു വായിച്ചുകൊണ്ടു, "അങ്ങനെ അങ്ങു സംഭവിച്ചു" എന്നു പറയുവാൻ സാധ്യമല്ല. അല്ലെങ്കിൽ, "ദാവീദ് ഭാഗ്യമുള്ളവൻ അല്ലേ?" *ദൈവം* സഹായിച്ചു എന്നു എല്ലാവർക്കും മനസിലായി. പിന്നീട് ആ സ്ഥലത്ത് ഒരു സ്മാരകവും ഉണ്ടാക്കി. "ആകയാൽ ആ സ്ഥലത്തിനു സേല രക്ഷപ്പെടലിന്റെ പാറ എന്നു പേരായി'' (23:28).

രാത്രി എത്ര ഇരുട്ടുള്ളതായാലും, നിങ്ങളുടെ വിശ്വാസം ദൈവത്തിൽ വെച്ചുകൊൾക. ദാവീദ്, മരുഭൂമിയിൽവെച്ചു ഈ സത്യത്തെ പരിശോധിച്ചു, എഴുതി: ''ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു, കഷ്ടങ്ങളിൽ അവൻ എറ്റവും അടുത്ത തുണയായിരിക്കുന്നു'' (സങ്കീർത്തനങ്ങൾ 46:1). ''അടുത്ത'' എന്ന വാക്ക് അടിവരയിടുക. കുഴപ്പമുള്ള സമയങ്ങളിൽ ദൈവം അടുത്തിരിക്കുന്നു; നിങ്ങളുടെ പ്രശ്നങ്ങളിൽ അവൻ നിങ്ങളോടുകൂടെയുണ്ട്. നിങ്ങൾ അതു ഇപ്പോൾ കാണുന്നില്ലായിരിക്കാം, എന്നാൽ കർത്താവിനോടു അടുത്തിരിക്കുക. ഇന്നുമുതൽ അഞ്ചു വർഷത്തിനു ശേഷം ... അല്ലെങ്കിൽ പത്തു വർഷം ... അല്ലെങ്കിൽ ഇരുപതു വർഷം കഴിഞ്ഞ് ... പുറകോട്ടു നോക്കിയാൽ ദൈവകരം വ്യക്തമായി നിങ്ങൾക്കു കാണുവാൻ കഴിയും. കർത്താവിനെ മുറുകെ പിടിക്കുക; അവൻ നിങ്ങളെ താഴെയിടുകയില്ല!

### VII. കയ്പായിരിക്കരുത്

ദാവീദ് മോശമായ സമയത്തെ അതിജീവിക്കുന്നതിൽനിന്നു മറ്റു പല തത്വങ്ങളും നമുക്കു പഠിക്കുവാൻ കഴിയും. നമ്മുടെ അടുത്ത പാഠത്തിൽ, പ്രതികാരത്തെ ദാവീദ് എങ്ങനെ കൈകാര്യം ചെയ്തു എന്നു വിശദമാക്കുന്ന 24 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങൾ നാം പഠിക്കും. നമ്മുടെ ഹൃദയത്തിൽ കയ്പു നിറയുന്നതാണ് മോശമായ സമയത്തുണ്ടാകുന്ന അപകടങ്ങളിൽ ഒന്ന്. "കയ്പിന്റെ വേർ" നമ്മുടെ ഹൃദയങ്ങളിൽ "മുളക്കാതെ" നോക്കേണ്ടത് പ്രധാനമാണ് (എബ്രായർ 12:15).

### VIII. ക്ഷമിക്കുക

ക്ഷമിക്കുവാൻ ശീലിച്ചുകൊണ്ടാണ് കയ്പിനെ അതിജീവിക്കുവാൻ ശ്രമിക്കേണ്ടത്. നമ്മുടെ അടുത്ത പാഠത്തിന്റെ വെല്ലുവിളി, "പ്രതികാരത്തിനായി നമ്മുടെ ഹൃദയം മുറവിളികൂട്ടുമ്പോൾ" എന്നതു, ഈ വാക്കുകളിൽ ചുരുക്കാവുന്നതാണ്: "എല്ലാ കൈപ്പും ... നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ, ... നിങ്ങൾ തമ്മിൽ, ദയയും-മനസ്സലിവുമുള്ളവരായി, അന്യോന്യം ക്ഷമിപ്പിൻ, ..." (എഫെസ്യർ 4:31, 32).

### IX. ഒന്നും എന്നേക്കും നിലനില്ക്കുകയില്ല എന്നു തിരിച്ചറിയുക

നല്ല സമയമായാലും മോശമായ സമയമായാലും, അതൊന്നും എന്നേക്കുമുള്ളതല്ല എന്നു തിരിച്ചറിയുവാനും അതു സഹായിക്കുന്നു. പത്തു വർഷത്തെ ഓട്ടത്തിനു ശേഷം ദാവീദ് രാജാവായി തീർന്നു എന്നു, *ട്രൂത്ത് ഫോർ ടുഡേ*യുടെ അടുത്ത ലക്കത്തിൽ നാം കാണും. അവിടെത്തന്നെ നില്ക്കുക; മോശമായ സമയം എന്നേക്കും നില നില്ക്കുകയില്ല. ഇവയോടൊപ്പം മറ്റു പോയിന്റുകളും നമുക്കു വിശദമായി നോക്കാം – എന്നാൽ ഇപ്പോൾ മോശമായ സമയങ്ങളെ അതിജീവിക്കുന്നതിനെ കുറിച്ചുള്ള വിവരണം അവസാനമായി ഒരു നിർദ്ദേശത്തോടുകൂടി നമുക്കു അവസാനിപ്പിക്കാം:

## X. മോശമായ സമയങ്ങളിൽ നിന്നു നല്ലതു വരുവാൻ കഴിയും എന്നു മനസിലാക്കുക

റോമർ 8:28 ഒരിക്കലും മറക്കരുത്; അത് മുറുകെ പിടിക്കുക: "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മക്കായികൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." ദാവീദിന്റെ ജീവിതത്തിലെ ഇരുണ്ട നാളുകളിൽ ദൈവം എന്താണ് പ്രവർത്തിച്ചതു എന്നു ചിന്തിക്കുക: അവനെ രാജാവാക്കേണ്ടതിനു, ദൈവം തുടർച്ചയായി അവനെ രൂപപ്പെടുത്തി ഒരുക്കുകയായിരുന്നു. ആടുകളെ മേയ്ക്കുന്നതു ഡിഗ്രിക്കു താഴെയുള്ള പഠനം ആയിരുന്നു. പ്രാണനു വേണ്ടിയുള്ള ഓട്ടമായിരുന്നു അവന്റെ ഡിഗ്രി പഠനം.

ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശങ്ങളും നമുക്ക് അറിയുവാൻ സാധ്യമല്ല,[59] എന്നാൽ ദാവീദ് ആശ്രയം ഊന്നിയിരുന്ന എല്ലാറ്റിൽനിന്നും അവനെ ദൈവം വിടുവിക്കുകയായിരുന്നു എന്നു മനസ്സിലാക്കാം (അവന്റെ എല്ലാ "ഊന്നുവടിയിൽ" നിന്നും), അതു ദൈവത്തിൽ *മാത്രമെ* ആശ്രയിക്കാവൂ എന്നു അവനെ പഠിപ്പിക്കുന്നതിനായിരുന്നു. ദാവീദിനു അവന്റെ വീടും മീഖളിന്റെ സ്നേഹവും നഷ്ടമായപ്പോൾ; അവൻ അവസാനമായി ശമുവേലിനെ കണ്ടപ്പോൾ; ദുഃഖത്തോടെ അവന്റെ സ്നേഹിതനായ, യോനാഥാനെ വിട്ടു പോയപ്പോൾ; ദാവീദ് സമാഗമനകൂടാരത്തിൽനിന്നു വേറിട്ടപ്പോൾ എല്ലാം നാം ദാവീദിനെ പിൻതുടരുകയായിരുന്നു. സങ്കീർത്തനം 142-ൽ അവന്റെ തുറന്ന കരച്ചിലും നാം കേട്ടു: "എന്റെ പ്രാണനെ കുറിച്ചു ആരും കരുതുന്നില്ല" (വാ.4).

എങ്ങനെയായാലും, സങ്കീർത്തനങ്ങൾ 142-ലെ, പിന്നീടുള്ള വാക്യങ്ങൾ നോക്കുക. വാക്യം 5-ൽ, ദാവീദ് പറഞ്ഞു, "യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; '*നീ* എന്റെ സങ്കേതവും, ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയും ആകുന്നു' എന്നു, ഞാൻ പറഞ്ഞു." (എംഫസിസ് മൈൻ.) ദാവീദിനു ലഭിക്കുവാനിടയുള്ള മറ്റെല്ലാ ശക്തിയും നഷ്ടമായെങ്കിലും, അവന്റെ ദൈവം അവനുണ്ടായിരുന്നു, അതുകൊണ്ടു അവൻ ദൈവത്തിലേക്കു തന്റെ ശബ്ദമുയർത്തി: "എന്റെ നിലവിളിക്കു ചെവി തരേണമേ, ഞാൻ ഏറ്റവും എളിമപ്പെട്ടിരിക്കുന്നു; എന്നെ ഉപദ്രവിക്കുന്നവർ എന്നേക്കാൾ ബലവാന്മാരാകയാൽ, അവരുടെ കയ്യിൽനിന്നും എന്നെ വിടുവിക്കേണമേ. ഞാൻ നിന്റെ നാമത്തിന്നു സ്തോത്രം ചെയ്യേണ്ടതിന്നു, എന്റെ പ്രാണനെ കാരാഗൃഹത്തിൽ നിന്നു പുറപ്പെടുവിക്കേണമേ" (വാ. 6, 7).

ഈ ആത്മവിശ്വാസവാക്കുകളാലാണ് ദാവീദ് സങ്കീർത്തനം അവസാനിപ്പിക്കുന്നത്: "നീ എന്നോടു ഉപകാരം ചെയ്തിരി*ക്കയാൽ*, നീതിമാന്മാർ എന്റെ ചുറ്റും വന്നു *കൂടും*" (വാ. 7; എംഫസിസ് മൈൻ). വാക്യം 4-ൽ ("എന്റെ പ്രാണനെക്കുറിച്ചു ആരും കരുതുന്നില്ല") എന്നതും വാക്യം 7-ൽ ("നീതിമാന്മാർ എന്റെ ചുറ്റും വന്നു കൂടും") എന്നതും തമ്മിൽ രണ്ടു വാക്യങ്ങളാൽ മാത്രമാണ് വേദഭാഗത്തു വേർതിരിച്ചിരിക്കുന്നത്, എന്നാൽ വികാരപരമായി അവ ദശലക്ഷക്കണക്കിനു മൈൽ അകലെയാണ്. ദാവീദ് കർത്താവിലുള്ള ആശ്രയത്തിന്റെ പുതിയ നിലവാരത്തിലേക്കു നീങ്ങുകയായിരുന്നു!

ഈ പാഠങ്ങൾ നമുക്കു വളരെ പ്രധാനപ്പെട്ടതാണ് - ചിലപ്പോൾ നാം തലക്കനം ഉള്ളവർ ആകുന്നു എന്നാൽ ദുരവസ്ഥകൾ നമ്മുടെ ജീവിതത്തിൽ വന്നാൽ മാത്രമേ നാം പഠിക്കുകയുള്ളു. ആരെങ്കിലും നമ്മോടു മോശമായി

പെരുമാറിയാലേ നമുക്കു ക്ഷമയുള്ളവരും കൃപയുള്ളവരും ആകുവാൻ കഴിയൂ. നമുക്കു പ്രിയപ്പെട്ടതായി പിടിച്ചുവെച്ചിരിക്കുന്നതെല്ലാം നഷ്ടമാകുമ്പോഴേ ഒരുപക്ഷെ നമുക്കു ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ കഴിയൂ. ലോകത്തുള്ള മനുഷ്യൻ, എല്ലാം നഷ്ടമാകുമ്പോൾ പറയും, "ഞാനും ഇതോടെ ഇല്ലാതാകും." ക്രിസ്ത്യാനിക്ക് എല്ലാം നഷ്ടമാകുമ്പോൾ, അവൻ ദൈവത്തിലേക്കു നോക്കും അപ്പോൾ ദൈവം പറയും, "നിന്റെ കൈ ശൂന്യമായില്ലേ? നല്ലതു! ഒടുവിൽ നീ എന്റെ മഹത്തായ അനുഗ്രഹങ്ങൾ സ്വീകരിപ്പാൻ ഒരുങ്ങിയിരിക്കുന്നു!"

മോശമായ സമയങ്ങൾ വരുവാൻ വാഞ്ഛിച്ചു അതിനെ നേരിടുവാൻ കാത്തിരിക്കണം എന്നല്ല ഞാൻ പറയുന്നത്. മറിച്ചു ഞാൻ പറയുന്നത്, അവ വരുമ്പോൾ, അവയോടുള്ള നമ്മുടെ സമീപനത്തിന് ലോകത്തിലുള്ള എല്ലാ വ്യത്യാസങ്ങളും വരുത്തുവാൻ കഴിയും എന്നാണ്. നമ്മുടെ മോശമായ അല്ലെങ്കിൽ നല്ലതായ സമയത്തിൽ നിന്ന്, നമുക്ക് ചിതറിയ അല്ലെങ്കിൽ ശരിയായ രൂപത്തിൽ പുറത്തുവരാൻ കഴിയും. മോശമായ സമയം വരുമ്പോൾ നമുക്കു അതിനെ ക്രിയാത്മകമായി നേരിടാം, കാരണം അതിൽ നിന്നു നല്ലതു വരുവാ*നിടയുണ്ട്.*

**ഉപസംഹാരം**

നിങ്ങൾ ആരായാലും ശരി; മോശമായ സമയം വന്നേക്കാം. ഓർമ്മകൾ പാഞ്ഞു വന്നു: തന്റെ വൈവാഹികജീവിതത്തിൽ ഗൗരവമായ പ്രശ്നങ്ങൾ ഉള്ളതിനാൽ ഒരു മൂപ്പൻ തന്റെ സോഫയിലിരുന്നു കരയുന്നതും; വിവാഹം കഴിഞ്ഞിട്ടില്ലാത്ത തങ്ങളുടെ മകൾ ഗർഭിണിയായിരിക്കുന്നു എന്നു കലങ്ങി മറിഞ്ഞ കണ്ണുകളോടെ രക്ഷകർത്താക്കൾ എന്നോടു പറഞ്ഞതും; നീന്തൽക്കുളത്തിൽ വീണ കുട്ടിയുടെ വിവരം അറിയുവാൻ, ആശുപത്രി മുറിയിൽ മുത്തച്ഛനും, മുത്തശ്ശിയും, അപ്പനും അമ്മയും എല്ലാം ആകാംക്ഷയോടെ കാത്തു നില്ക്കുന്നതും; ദൈവവിചാരമുള്ള ഒരു ക്രിസ്തീയ സ്ത്രീ, തന്റെ മകൻ, സ്വവർഗ്ഗരതിക്കാരനാണെന്നു വേദനയോടെ എന്നോടു പറഞ്ഞതും ഞാൻ ഓർക്കുന്നു. ഒരുപക്ഷെ ഇപ്പോൾ നിങ്ങളിൽ പലരും മോശമായ സമയത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കയായിരിക്കാം. അങ്ങനെയെങ്കിൽ, മരുഭൂമിയിലെ ദാവീദിന്റെ അനുഭവം പഠിക്കുക: നാം നമ്മുടെ കഴിവിനനുസരിച്ചു നന്നായി പ്രവർത്തിക്കുകയും കർത്താവിൽ ആശ്രയിക്കുകയും ചെയ്താൽ, നമുക്ക് അതിജീവിക്കാം. ദാവീദിനു കഴിഞ്ഞു; നമുക്കും കഴിയും.

---

**പ്രസംഗ കുറിപ്പുകൾ**

"ചെയ്യേണ്ടതും" "ചെയ്യരുതാത്തതും" ആയ പത്തു കാര്യങ്ങൾ ഈ പാഠത്തിൽ പറഞ്ഞിട്ടുണ്ട് (നാലെണ്ണം ചുരുക്കമായേ പറഞ്ഞിട്ടുള്ളൂ). "മോശമായ സമയത്തെ അതിജീവിക്കുവാൻ ചെയ്യേണ്ടതും ചെയ്യരുതാത്തതും" എന്നതിന്റെ "ആദ്യത്തെ പത്തു കാര്യങ്ങൾ" നൽകിയിട്ടുള്ളതിൽ നിങ്ങൾക്കു "പിന്നോക്കം എണ്ണി" നോക്കാം. നിങ്ങൾ ഈ സമീപനം ഉപയോഗിക്കുമ്പോൾ, ലിസ്റ്റിൽ അവസാനത്തേതു "ഒന്നാമതായി" വരേണ്ടതുകൊണ്ട്, അവസാനം പറഞ്ഞത് നമ്മുടെ മോശമായ സമയത്ത് *ദൈവം* നമ്മെ സഹാ

യിക്കുമെന്നതായിരിക്കണം.

പാഠത്തിൽ സൂചിപ്പിച്ചതു പോലെ, ദാവീദിന്റെ ജീവിതത്തിലെ കുഴപ്പങ്ങൾ സംഭവിച്ചപ്പോൾ എഴുതിയതാണ് സങ്കീർത്തനങ്ങളിൽ പലതും. നല്ല ഉപപ്രസംഗങ്ങൾക്കു പറ്റിയതാണ് അവ പലതും. (എന്റെ ആദ്യത്തെ പ്രസംഗപുസ്തകത്തിൽ, ''*ക്രിസ്തു വീണ്ടും വരുന്ന ദിവസം*'' *എന്നതും മറ്റു പ്രസംഗങ്ങളും*, ''ആരും എന്റെ പ്രാണനെക്കുറിച്ചു കരുതുന്നില്ല'' എന്നതിനെ കുറിച്ചുള്ള പാഠവും സങ്കീർത്തനങ്ങൾ 142-ൽ നിന്നുള്ളതാണ്. ഈ പ്രസംഗത്തിലെ ആദ്യ ഭാഗത്തിൽ നിന്നുള്ള പല പ്രയോഗങ്ങളും അതിൽനിന്നും എടുത്തതാണ്.)

---

കുറിപ്പുകൾ

[1]നോക്കുക ആവർത്തനപുസ്തകം 32:30; സങ്കീർത്തനങ്ങൾ 91:7; മീഖാ 6:7. ഒരമ്മ, ''ഞാൻ നിന്നോടു ഒരു ആയിരം പ്രാവശ്യം പറഞ്ഞിട്ടുണ്ട്''എന്നും ''ഞാൻ നിന്നോടു ഒരു പതിനായിരം പ്രാവശ്യം പറഞ്ഞിട്ടുണ്ട്'' എന്നും പറയുമ്പോൾ, രണ്ടു പ്രാവശ്യം പറയുന്നതും ഒരേ കാര്യമാണ്. [2]1 ശമുവേൽ 18:12, 15, 29. [3]1 ശമുവേൽ 18:17. [4]1 ശമുവേൽ 17:25. [5]ഒരുപക്ഷെ, ഇതു ദാവീദിനെ മൽസരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നതും അങ്ങനെ ദാവീദിനെ കൊല്ലുവാൻ ശൗലിനു ഒരു കാരണം ലഭിക്കുന്നതും ആയിരുന്നു, പക്ഷെ അത് നടന്നില്ല. [6]നോക്കുക ഉൽപത്തി 34:12; പുറപ്പാട് 22:16. [7]പരിഛേദന യേൽക്കാത്ത നൂറു ഫെലിസ്ത്യ പുരുഷന്മാരുടെ ''അഗ്രചർമ്മ'' മാണ് ശൗൽ ആവശ്യപ്പെട്ടത് (1 ശമുവേൽ 18:25). [8]1 ശമുവേൽ 19:12, 18; 20:1; 21:10; മുതലായവ. അടുത്ത കുറെ അദ്ധ്യായങ്ങളിൽ പത്തു പ്രാവശ്യം, ദാവീദ് (ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ) ഓടിയതായി പറഞ്ഞിട്ടുണ്ട്. [9]മീഖൾ അതെങ്ങനെയോ കണ്ടെത്തി (1 ശമുവേൽ 19:11); ഒരുപക്ഷെ ദാവീദിൽ നിന്നോ, മറ്റേതെങ്കിലും വിധത്തിലോ ആയിരിക്കാം. [10]വീട് നിരീക്ഷിച്ചുകൊണ്ട*ാണിരുന്നത്* (1 ശമുവേൽ 19:11).

[11]ഇതു സൂചിപ്പിക്കുന്നതു അവരുടെ വീട് രാഹാബിന്റേതുപോലെ, പട്ടണമതിലിനോടു ചേർന്നിരുന്നു എന്നാണ് (നോക്കുക യോശുവാ 2:15). [12]എബ്രാ.: *ടെറാഫിം*. ഇതു സാധാരണ വിഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്, അങ്ങനെയാണ് അത് എൻ എഎസ്ബി യിൽ തർജ്ജിമ ചെയ്തിരിക്കുന്നത്. ദാവീദിന്റെ വീട്ടിൽ എന്തു പ്രതിമയാണുള്ളത്? വേദഭാഗത്തിൽ അതിനെ കുറിച്ചു വിവരിക്കാത്തതുകൊണ്ട്, നമുക്ക് ഒരു തീരുമാനത്തിൽ എത്തുവാൻ സാധ്യമല്ല, എന്നാൽ മീഖൾ മിക്കവാറും അത് അവളുടെ അപ്പന്റെ വീട്ടിൽ നിന്നു കൊണ്ടുവന്നതാകാം എന്നാൽ ദാവീദിനു അതവിടെയുള്ള കാര്യം അറിയുവാൻ ഇടയില്ല. ആദ്യകാലത്തെ പ്രതിമകൾ പ്രതിമകളെ പോലെ *കാണപ്പെട്ടില്ല*; ഇത് ഒരു മുറിയുടെ മൂലയിൽ വയ്ക്കുന്ന അലങ്കാരമുള്ള തൂണായിരിക്കാം. [13]''വാസം'' അല്ലെങ്കിൽ ''വസിക്കൽ'' എന്നാണ് ''നയ്യോത്ത്'' അർത്ഥമാക്കുന്നത്. ഇവിടെ അതു സ്പഷ്ടമായി സൂചിപ്പിക്കുന്നത് പ്രവാചകന്മാർ താമസിച്ചിരുന്ന വീടുകളുടെ സമുച്ചയത്തെയാണ്. [14]''നഗ്നമായി'' എന്നതിനു ''വസ്ത്രം ഇല്ലാതെ'' എന്നും ''വേണ്ടത്ര വസ്ത്രമില്ലാതെ'' എന്നും അർത്ഥം വരുന്നതിനാൽ, ശൗൽ ഏതു രീതിയിലാണ് വസ്ത്രമില്ലാതിരുന്നതു എന്നു നമുക്ക് അറിയില്ല. എങ്ങനെയായാലും, ബർട്ടൺ കോഫ്മാൻ പറഞ്ഞതു, ഏതു വിധമായാലും, ശൗൽ ആദ്യം അവനെ തിരഞ്ഞു വന്നപ്പോൾ, ദാവീദിനെ കണ്ടെത്തുന്നതിനേക്കാൾ തന്റെ വസ്ത്രത്തെ കണ്ടെത്തുവാനായിരുന്നു ശ്രദ്ധിച്ചത് എന്നാണ്. [15]1 ശമുവേൽ 24:6; മുതലായവ. [16]1 ശമുവേൽ 4:2, 3; യിരെമ്യാവു 7:12. [17]അഹീമേലക്ക് ഏലിയുടെ പിൻഗാമിയായിരുന്നു. അവൻ ഒന്നുകിൽ ശമുവേൽ ശൗലിനെ വിട്ടു പോയശേഷം അവനോടു ചേർന്നു

ശൗലിന്റെ ആത്മീയ ഉപദേശകനായി തീർന്ന, അഹീജയുടെ സഹോദരനോ (ഒ. വാ. 1 ശമുവേൽ 14:3; 22:9), അല്ലെങ്കിൽ അവൻ അഹീജാ തന്നെ ആയിരുന്നേക്കാം ( അതായതു, അഹീമേലക്കിന്റെ മറ്റൊരു പേരാണ് അഹീജാ). എങ്ങനെയായാലും, ദാവീദിനു അവനെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. [18]ഓരോ ശബ്ബത്തിലും പുളിപ്പില്ലാത്ത പന്ത്രണ്ട് അപ്പം സമാഗമനകൂടാരത്തിലെ മേശമേൽ വെക്കുമായിരുന്നു (പുറപ്പാട് 25:23-30; ലേവ്യാപുസ്തകം 24:5-9). അടുത്ത ശബ്ബത്തിൽ, അതു മാറ്റി പുതിയ പന്ത്രണ്ട് അപ്പം വീണ്ടും വെക്കുമ്പോൾ പഴയ അപ്പം പുരോഹിതന്മാർ ഭക്ഷിക്കും. ആ പഴയ അപ്പമായിരുന്നു പുരോഹിതൻ ദാവീദിനു നൽകിയത്. നല്ലതു ചെയ്തു ജീവൻ രക്ഷിക്കുന്നതു എപ്പോഴും നല്ലതാണെന്ന തത്വം പഠിപ്പിക്കുവാൻ യേശു ആ സംഭവത്തെ എടുത്തു കാണിക്കുന്നുണ്ട് (മത്തായി 12:3, 4; ലൂക്കൊസ് 6:9). ആ തത്വം ഇന്നു പ്രായോഗികമാക്കുന്നതിനെ പരിഗണിക്കുക: ഒരാൾ ആരാധനക്കു പോകുന്ന വഴിമദ്ധ്യേ (അതു കല്പനയാണ് - എബ്രായർ 10:25) ഒരു കാർ അപകടം കാണുകയാണെങ്കിൽ, ആരാധന മുടങ്ങിപോയാലും അപകടത്തിൽ മുറിവേറ്റു കിടക്കുന്ന ആളെ ആശുപത്രിയിൽ കൊണ്ടുപോകുന്നത് നീതിപൂർവ്വമായ പ്രവൃത്തിയാണ്. അതു, എങ്ങനെയായാലും, ''നന്മ വരേണ്ടതിന്നു, തിന്മ ചെയ്യുക'' എന്നതിനുള്ള ലൈസൻസ് ആയി എടുക്കരുത്. [19]ദാവീദിന്റെ സത്യസന്ധതയില്ലായ്മയും മറ്റു വിഡ്ഢിത്തങ്ങളും പ്രതിരോധിക്കേണ്ട ആവശ്യമില്ല എന്നു ദയവായി മനസിലാക്കുക. അതു അംഗീകരിക്കാത്ത നിരവധി കാര്യങ്ങൾ കാരണസഹിതം ബൈബിളിൽ കാണാം. ദൈവം ഭോഷ്ക്ക് അംഗീകരിക്കയില്ല (1 യോഹന്നാൻ 2:21; യോഹന്നാൻ 8:44). [20]വേദഭാഗം പറയുന്നതു ദോവേഗിനെ ''യഹോവയുടെ സന്നിധിയിൽ അടെച്ചിട്ടിരുന്നു'' എന്നാണ് (1 ശമുവേൽ 21:7). അതു അച്ചടക്കത്തിനായിരുന്നേക്കാം - അതായിരിക്കാം അവനു പിന്നീട് പുരോഹിതന്മാരോടു നീരസം ഉണ്ടായതിന്റെ കാരണം.

[21]1 ശമുവേൽ 17:23. [22]''ഗത്തിലെ രാജാവായ ആഖീശിന്റെ അടുക്കലേക്കു'' ദാവീദ് പോയതു (1 ശമുവേൽ 21:10) ''അവന്റെ വീട്ടിലേക്കു'' പോകുവാൻ ആഗ്രഹിച്ചാണ് എന്നത് ശ്രദ്ധിക്കുക (നോക്കുക 1 ശമുവേൽ 21:15). ഒരുപക്ഷെ ഒന്നു ശമുവേൽ 27:1 അവന്റെ അപ്പോഴത്തെ വിവേചനത്തിന്റെ ഒരു ഉൾക്കാഴ്ച്ച നല്കിയേക്കാം. [23]1 ശമുവേൽ 21:11. ദാവീദിനെ അവർ ''ദേശത്തിലെ രാജാവ്'' എന്നു വിളിച്ചത് ശ്രദ്ധിക്കുക. ''ദേശത്തിലെ ആളുകളുടെ ഹൃദയങ്ങളെ വാഴുന്നവൻ'' എന്നായിരിക്കാം അവർ അർത്ഥമാക്കിയത്. ''റോക്ക് ആന്റ് റോളിന്റെ രാജാവ്,'' മുതലായവയെ കുറിച്ച് ആളുകൾ പറയാറുണ്ട് - അതായതു, ആധിപത്യ ശക്തിയുള്ള ഒരാൾ എന്നാണ്. [24] സങ്കീർത്തനങ്ങൾ 56-ന്റെ മുഖവുര കുറിപ്പു നോക്കുക. [25]പാശ്ചാത്യ അമേരിക്കൻ യാത്രക്കാർ ഇന്ത്യക്കാരിൽനിന്നു ഭ്രാന്ത് അഭിനയിച്ചു രക്ഷപ്പെട്ടിട്ടുണ്ട്. [26]സങ്കീർത്തനങ്ങൾ 34-ന്റെ ആദ്യമുള്ള കുറിപ്പ് നോക്കിയിട്ട്, പിന്നെ അതിലെ സന്ദേശം നോക്കുക. [27]ചില തർജിമയിൽ ''അവൻ ഗെയിറ്റിന്മേൽ മാന്തിക്കൊണ്ടിരുന്നു'' എന്നാണ്. കൂടാതെ, അവൻ അടയാളപ്പെടുത്തുവാൻ തന്റെ വാളും ഉപയോഗിച്ചേക്കാം. [28]ആമ്പ്ളിഫൈഡ് ബൈബിൾ നോക്കുക. [29]1 ശമുവേൽ 22:1. ''അദുല്ലാം'' എന്ന വാക്കിന്റെ അർത്ഥം ''അഭയാർത്ഥി'' എന്നാണ്. [30]ആരംഭത്തിലുണ്ടായിരുന്ന അദുല്ലാമിന്റെ യഥാർത്ഥ സ്ഥാനത്തെ ആസ്പദമാക്കി പണ്ഡിതന്മാരെ ഭാഗിച്ചിട്ടുണ്ട്. വിവരിച്ചിരിക്കുന്ന സ്ഥാനം പാരമ്പര്യമാണ്.

[31]ലിൻ ആന്റേഴ്സൺ, ''മാൻ ഓൺ ദ റൺ,'' (എൻ.പി.,എൻ.ഡി.), സൗണ്ട് കാസറ്റ്. [32]താൻ അഭയാർത്ഥിയായിരുന്നപ്പോൾ ദാവീദ് തന്റെ അപ്പനെയും അമ്മയെയും സുരക്ഷിതത്വത്തിനു മോവാബിലേക്കു കൊണ്ടുപോയിരുന്നു (1 ശമുവേൽ 22:3, 4). മോവാബ്യരുമായി അവന്റെ കുടുംബത്തിനു ബന്ധമുണ്ടായിരുന്നു; ദാവീദിന്റെ മുതു-മുത്തശ്ശി മോവാബ്യക്കാരി ആയിരുന്നു. കൂടാതെ, ശൗൽ മോവാബ്യർക്കെതിരായിരുന്നു (1 ശമുവേൽ 4:47), അതുകൊണ്ടു മോവാബ്യരാജാവിനു ശൗലിന്റെ ''ശത്രുവി

നോടു'' അനുകമ്പ തോന്നുമാറാക്കി. [33]1 ശമുവേൽ 30:21. [34]ഒ.വാ. 1 ശമുവേൽ 30:6. [35] ''സ്ട്രോങ്ങ്ഹോൾഡ്'' എന്ന വാക്ക് ദാവീദിന്റെ ഓട്ടത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതു ഒരു സ്ഥാനത്തെയല്ല സൂചിപ്പിച്ചിരിക്കുന്നത്, എന്നാൽ അധികമാർക്കും എത്തിപ്പെടാൻ പറ്റാത്തതോ പ്രതിരോധിക്കുവാൻ പറ്റാത്തതോ ആയ സ്ഥലമാണ്. ഈ വാക്യത്തിൽ, അതു ദുർഗ്ഗത്തെയാണ് സൂചിപ്പിക്കുന്നത്. [36]1 ദിനവൃത്താന്തം 21:9. [37]1 ദിനവൃത്താന്തം 29:29. [38]ഒന്നു ശമുവേൽ 21:1-9 ദാവീദ് ദൈവത്തോടു ആലോചന ചോദിച്ചു എന്നു പറയുന്നില്ലെങ്കിലും, അവൻ ചോദിച്ചിരിക്കാം (നോക്കുക 22:15). [39]1 ശമുവേൽ 22:18, 19. ഈ ദുരവസ്ഥകൾ മുൻപു പറഞ്ഞിരിക്കാം (ഒ.വാ. 1 ശമുവേൽ 2:31). [40]ശൗലിന്റെ വിളി മറ്റുള്ളവർ സ്വീകരിച്ചപ്പോൾ ''മനസു ശരിയാകേണ്ടതിന്നു'' ഒരുപക്ഷെ അവൻ നോബിൽ താമസിച്ചേക്കാം.

[41]നോക്കുക മത്തായി 5:23, 24. [42]അവൻ നമ്മോടു ക്ഷമിച്ചാലും ഇല്ലെങ്കിലും, നമുക്കു ചെയ്യുവാൻ കഴിയുന്നതു നാം ചെയ്യും (റോമർ 12:18). [43]ഫെലിസ്ത്യർ ''കറ്റമോഷ്ടിച്ചു മെതിക്കുകയായിരുന്നു''; പരിശോധനയുടെ ഉദ്ദേശം ആഹാരം മോഷ്ടിക്കുക എന്നതായിരുന്നു എന്നു കാണാം. [44]നോക്കുക 1 ശമുവേൽ 23:3: കെയീലയിലേക്കു പോകുവാൻ അവർ യെഹൂദ്യ വിട്ടു പോകേണ്ടിയിരുന്നു. [45]ഒ.വാ. 1 ശമുവേൽ 9:16. [46]1 ശമുവേൽ 23:13. [47]ദാവീദ് കെയീലയിൽ ഉണ്ടായിരുന്നതുവരെ അബ്യാഥാർ ദാവീദിന്റെ അടുക്കൽ വന്നിരുന്നില്ല എന്നു കാണിക്കുവാൻ ചിലർ 1 ശമുവേൽ 23:6 എടുക്കാറുണ്ട്, എന്നാൽ വാക്യം 6 ഒരുപക്ഷെ അർത്ഥമാക്കുന്നത് ദാവീദും കൂട്ടരും കെയീല പിടിച്ചെടുക്കുവാൻ ശ്രമിച്ചപ്പോൾ അബ്യാഥാർ പുറകിലായിരുന്നു എന്നും ആ വീരകൃത്യം പൂർത്തിയാകുന്നതുവരെ അവൻ ദാവീദിനോടു ചേർന്നിരുന്നില്ല എന്നുമാണ്. വാക്യം 2-ലെ ദാവീദ് ''യഹോവയോടു ചോദിച്ചു'' എന്നത് സ്വാഭാവികമായി അർത്ഥമാക്കുന്നത് അത് വാക്യം 9-ൽ ചെയ്തതുപോലെയായിരുന്നു എന്നാണ്. [48]1 ശമുവേൽ 22:18. [49]പുറപ്പാട് 28:30. [50]ഊറീമും തുമ്മീമും നിറമൊഴിച്ച് ഒന്നു തന്നെ ആയിരുന്നേക്കാം- അതിൽ ഒരു കല്ല് ''അതെ,'' എന്നതിനും മറ്റേതു ''അല്ല'' എന്നതിനും ഉള്ളതാകാം. ഒരുപക്ഷെ, ചോദ്യം നൽകിയ ശേഷം, മഹാപുരോഹിതൻ വന്നു ഒരു കല്ല് പുറത്തേക്കു വലിച്ചെടുത്തു, ഉത്തരം നൽകിയേക്കാം. ഊറീമും തുമ്മീമും പരന്നതും ഓരോന്നിനും ഒരുവശത്ത് ഒരുനിറവും മറുവശത്ത് വേറൊരു നിറവുമുള്ളതായും പറയപ്പെടുന്നുണ്ട്. അവ മുകളിലേക്ക് എറിഞ്ഞു താഴെയിടും. അവ താഴെ വീഴുമ്പോൾ, രണ്ടു വശത്തും ഒരേ നിറമാണ് കാണിക്കുന്നതെങ്കിൽ, യോഗ്യമല്ലാത്ത ''അതെ'' എന്നും; രണ്ടുവശവും മറ്റൊരു നിറം കാണിക്കുകയാണെങ്കിൽ, ഉത്തരം യോഗ്യമല്ലാത്ത ''അല്ല'' എന്നും ; രണ്ടു വശത്തും രണ്ടു നിറം കാണിച്ചാൽ, ഉത്തരം അനിശ്ചിതമെന്നും ആണ് അർത്ഥമാക്കുന്നത്. ഒരു യെഹൂദ പാരമ്പര്യവിശ്വാസം പറയുന്നത് അവ *പ്രകാശിച്ചു*കൊണ്ടു ദൈവേഷ്ടത്തെ സൂചിപ്പിക്കുന്നു എന്നാണ്.

[51]തന്റെ മനുഷ്യരെ ഭയന്നിട്ട്, അവരെ വീണ്ടും ഉറപ്പിക്കേണ്ടതിന്നു ദാവീദ് ചോദ്യം രണ്ടുപ്രാവശ്യം ചോദിച്ചിരുന്നു. രണ്ടു പ്രാവശ്യവും ദൈവത്തിന്റെ ഉത്തരം പോകുക എന്നായിരുന്നു. [52]യോശുവ 15:55. [53]ഒരുപക്ഷെ, ദാവീദും കൂട്ടരും സംരക്ഷിച്ച വസ്തുക്കളുടെ ഉടമസ്ഥർ നന്ദിസൂചകമായി സമ്മാനങ്ങൾ നല്കിയതുകൊണ്ടാകാം അവർ ജീവിച്ചുപോന്നത് (നോക്കുക 1 ശമുവേൽ 25:14-16). [54]1 ശമുവേൽ 23:19, 20. [55]സീഫ്യർ ദാവീദിനെ രണ്ടാമതും തള്ളിപ്പറഞ്ഞതു 1 ശമുവേൽ 26-ൽ കാണാം. [56]1 ശമുവേൽ 18:12, 14, 28; 23:2, 4; 25:26, 28 മുതൽ, 34, 39; 26:12, 24; 30:6, 23; മുതലായവ. [57]ദാവീദ് ആ ഗാനങ്ങൾ ഉടനെ എഴുതിയതാണോ അതോ മനസിൽ സംഗ്രഹിച്ചിട്ട് പിന്നെ എഴുതിയതാണോ എന്നു നമുക്കറിയില്ല. [58]ഫെലിസ്ത്യരെ ആക്രമിക്കുവാൻ ആദ്യം അവനു താല്പര്യമില്ലാതിരുന്നതുകൊണ്ടു (1 ശമുവേൽ 23:1 മുതൽ), ഇതു അവന്റെ സ്വന്തം വസ്തു ആയിരുന്നേക്കാം! [59]യെശയ്യാവു 55:8, 9.